യൂണിറ്റ് മൂന്ന്

# ഉള്ളറിവ്

**ആമുഖം**

സാഹിത്യരചനകളെ അവയുടെ ഉള്ളിലേക്കിറങ്ങിച്ചെന്ന് ആഴത്തിൽ മനസ്സിലാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഉള്ളറിവ് എന്ന യൂണിറ്റ് തയ്യാറാക്കിയിരിക്കുന്നത്. ആസ്വാദനത്തിന്റെ ഉയർന്നതലം തേടിയുള്ള യാത്രയാണിത്. സൂക്ഷ്മവായനയും പലതലത്തിലുള്ള സാഹിത്യകൃതികൾ വായിച്ച് ആസ്വദിക്കുകയും ആസ്വാദനക്കുറിപ്പുകൾ തയ്യാറാക്കുകയും ചെയ്യുന്ന ഒരു ഘട്ടത്തിലൂടെ വിദ്യാർത്ഥികൾ കടന്നുപോയിട്ടുണ്ട്. കേവലമായ ആസ്വാദനത്തിലുപരി വിശകലനവും ആവശ്യപ്പെടുന്ന ഭാഗം.

രചനകളുടെ സൂക്ഷ്മാപഗ്രഥനത്തിലേക്കും വിമർശനചിന്തയിലേക്കും വളരുന്ന സാഹിത്യപഠനമാണ് ഉള്ളറിവിന്റെ ലക്ഷ്യം. പാഠത്തിന്റെ ധ്വനിപാഠം (Subtext) കണ്ടെത്തുക എന്നത് പ്രധാനമാണ്. അതിന് റൊളാങ് ബാർത്ത് (Roland Barthes) പറഞ്ഞതുപോലെ വായനക്കാർ വെറും ഉപഭോക്താക്കളായി മാറാതെ അർത്ഥത്തിന്റെ ഉൽപാദകരായിത്തീരണം.വായന സൃഷ്ട്യുന്മുഖമായ പ്രവർത്തനമാകണം.

രചയിതാവ് നിറച്ചുവെച്ചത് നുകരുകമാത്രമാണ് വായനക്കാരുടെ ധർമ്മമെന്ന പഴയ ധാരണ മാറിയിരിക്കുന്നു. കൃതിയിൽ നിന്ന് പുതിയ അർത്ഥങ്ങളും ആശയങ്ങളും ഉണ്ടാക്കിയെടുക്കുന്ന മറ്റൊരു സ്രഷ്ടാവായാണ് ഇന്ന് വായനക്കാരനെ കണക്കാക്കുന്നത്. വായനക്കാരുടെ അറിവ്, അനുഭവം, സംസ്കാരം, ജീവിതസാഹചര്യം, നിലപാടുകൾ തുടങ്ങിയവയൊക്കെ അർത്ഥോൽപാദനത്തിൽ നിർണായക സ്വാധീനം ചെലുത്തുന്നു. എഴുത്തുകാരൻ ഉദ്ദേശിക്കുകയോ നിർദ്ദേശിക്കുകയോ ചെയ്യുന്ന അർത്ഥങ്ങൾ മാത്രമല്ല വായനക്കാരന് ലഭിക്കുന്നത്. വായനക്കാർ എഴുത്തുകാർക്ക് തുല്യരായിത്തീരുന്ന ജനാധിപത്യപ്രക്രിയയായി വായനമാറുകയാണ്.

കൃതിയെ സൂക്ഷ്മമായി അപഗ്രഥിക്കുന്നതിന് പല ഉപകരണങ്ങളും ഉപയോഗിക്കേണ്ടിവരും. സാഹിത്യസിദ്ധാന്തങ്ങളും ചിന്താപദ്ധതികളും വായനക്കാർ ആവശ്യാനുസരണം പ്രയോജനപ്പെടുത്തുന്നു. പുരാവൃത്തങ്ങൾ മുതൽ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യയുടെ വികസിതലോകം വരെ പല നിലയ്ക്ക് കൃതികളിൽ പ്രത്യക്ഷമായോ പരോക്ഷമായോ സാന്നിധ്യമായിട്ടുണ്ടാകാം. ഇവ

കണ്ടെത്തി വിശദമാക്കാനുള്ള ശേഷി ആസ്വാദനത്തിന്റെ ഉയർന്നതലത്തിൽ കൈവരുന്നു.

കവിതാസ്വാദനത്തിൽ ഒരു കാലത്ത് വൃത്തം, അലങ്കാരം എന്നിവയ്ക്കാണ് മുഖ്യപരിഗണന നൽകിയിരുന്നത്. കവിതയുടെ തലക്കെട്ടിനൊപ്പം തന്നെ വൃത്തമേതെന്ന് സൂചിപ്പിക്കുന്ന പതിവും ഉണ്ടായിരുന്നു. ഇത്തരം സാങ്കേതികതകളിലും ചട്ടക്കൂടുകളിലും തളഞ്ഞുനിൽക്കാതെ കൃതിയുടെ ഉള്ളിലേക്ക് കടന്ന് ഭാവാർത്ഥങ്ങളുടെ വിശാലലോകം കണ്ടെത്തുന്നതിലേക്ക് ഇന്ന് വായന വളരുന്നു. സവിശേഷമായ സംസ്കാരഘടന കവിതയുടെ അവിഭാജ്യഘടകമായതിനാൽ ആ സംസ്കാരത്തെ മനസ്സിലാക്കാതെ ആസ്വാദനം പൂർണമാകില്ല. വർണനാ പ്രധാനമായ അലങ്കാരങ്ങൾക്കു പകരം അനുഭവപ്രധാനമായ ബിംബങ്ങൾ പിൽക്കാലത്ത് കവിതയിൽ പ്രധാനമായി. ആ അനുഭവലോകമെന്തെന്ന അന്വേഷണവും വായനയിൽ ആവശ്യമാണ്. പദങ്ങളുടെ നാനാർത്ഥസാധ്യതയാണ് വായനക്കാർ തിരിച്ചറിയേണ്ട മറ്റൊരുഘടകം.

കവിതയെ എങ്ങനെയൊക്കെ വായിച്ചെടുക്കാമെന്നതിന്റെ ഉദാഹരണമാണ് എം.എൻ.വിജയന്റെ ലേഖനം. ചരിത്രം സാഹിത്യകൃതികളുടെ രൂപശില്പത്തെയും പ്രമേയത്തെയും നിർണയിക്കുന്നതിൽ മുഖ്യപങ്കുവഹിക്കുന്നതായി ഇതിൽ പറയുന്നു.

കവിതയെന്നപോലെ കഥയും നോവലുമെല്ലാം ഉള്ളിലേക്കിറങ്ങിച്ചെന്ന് അറിയേണ്ടവ തന്നെയാണ്. വൈലോപ്പിള്ളിയുടെ ഊഞ്ഞാലിൽ എന്ന കവിതയ്ക്കൊപ്പം വൈക്കം മുഹമ്മദ് ബഷീറിന്റെ അനർഘനിമിഷം, ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷിയിലെ ഒരധ്യായം എന്നിവയും ചേർത്തിരിക്കുന്നത് ഈ ഉദ്ദേശ്യത്തിലാണ്.

### പ്രവേശക പ്രവർത്തനം

ഒരു പഴഞ്ചൊല്ലും കടങ്കഥയും കുട്ടികളുടെ ശ്രദ്ധയിൽ പെടുത്തിക്കൊണ്ട് യൂണിറ്റിലേക്ക് പ്രവേശിക്കാം.

- പൊന്നും കുടത്തിന് പൊട്ടു വേണ്ട
- ആടിയാടി നിന്നതും ഞാൻ

  അഴകനെ പെറ്റതും ഞാൻ

  അഴകനിതാ അറയിലും മുറിയിലും

  ഞാനിതാ ചേറ്റിലും ചെളിയിലും.

ഇവ എന്തെല്ലാം അർത്ഥങ്ങളാണ് നിങ്ങൾക്കു നൽകുന്നത്?

- സ്വതവേ സൗന്ദര്യമുള്ളതിന് അധികമായി അലങ്കാരങ്ങൾ ആവശ്യമില്ല.
- ഞാനാണ് സൗന്ദര്യമുള്ളതിന് ജന്മം നൽകിയത്. എന്നാൽ ഞാൻ ചേറ്റിലും ചെളിയിലും തന്നെ. ഞാൻ ജന്മം നൽകിയയാൾ വീട്ടിനകത്ത് കഴിയുന്നു.

- ഇവ പ്രത്യക്ഷമായ വാച്യാർത്ഥമാണ് പ്രദാനം ചെയ്യുന്നത്. മറ്റേതെങ്കിലും അർത്ഥവിവക്ഷകളിലേക്ക് ഈ ഉദാഹരണങ്ങൾ നമ്മെ നയിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം അർത്ഥങ്ങളാണ് മേൽകൊടുത്ത പഴഞ്ചൊല്ലിൽ നിന്നു ലഭിക്കുക?
- പൊന്നിൻ കുടം എന്നതിന്റെ കേവലാർത്ഥം പൊന്നു കൊണ്ടുള്ള പാത്രം എന്നാണെങ്കിലും ആ

അർത്ഥത്തിൽ ഒരിക്കലും ഈ വാക്ക് പ്രയോഗിക്കില്ല. സന്ദർഭാനുസരണമായി പ്രതീകഭംഗി കൈവരിച്ച് സൗന്ദര്യം, വാത്സല്യം, പ്രണയം തുടങ്ങിയവയുടെ സൂചകമായി പരിണമിക്കുന്നു. പൊട്ട് എന്ന പദവും അതിന്റെ വാച്യാർത്ഥവുമുപയോഗിച്ച് ധ്വനി സൗന്ദര്യം കൈവരിക്കുന്നു.

- നെൽച്ചെടിയും നെൽക്കതിരും എന്ന് അർത്ഥം ലഭിക്കുന്ന കടംകഥ നോക്കൂ. ഒട്ടേറെ അർത്ഥമാനങ്ങളിലേക്ക് വികസിച്ച് പുതിയൊരു കാവ്യാനുഭവത്തിന്റെ വിസ്മയത്തിലേക്ക് നാം എത്തിച്ചേരുന്നില്ലേ? എന്തെല്ലാം വിവക്ഷകളാണ് ഇതിലെ വരികൾ പകരുന്നത്?

- നെൽച്ചെടി പ്രതിനിധാനം ചെയ്യുന്നു നിസ്വവർഗ്ഗം.
- നിസ്വവർഗ്ഗമാണ് ഭൂമിയിലെ എല്ലാ നന്മയുടെയും സ്രഷ്ടാക്കൾ
- എന്നാൽ എന്നും വേദനയും ദുരിതവും തിന്ന് അവഗണിക്കപ്പെട്ട് കഴിയാനാണ് ഈ വർഗ്ഗത്തിന്റെ വിധി.

ഇത്തരത്തിലുള്ള പാരായണങ്ങൾ സാഹിത്യരചനകളുടെ സൗന്ദര്യാനുഭൂതിയിലേക്കാണ് വായനക്കാരനെ നയിക്കുക എന്ന കാര്യം പഠിതാക്കളെ ഓർമ്മിപ്പിക്കാം. പാഠപുസ്തകത്തിലെ പി. യുടെ കവിതയും ഇത്തരത്തിൽ ആശയാവിഷ്കാരത്തിന്റെയോ അനുഭവാഖ്യാനത്തിന്റെയോ അപ്പുറത്തുള്ള വ്യംഗ്യഭംഗിയാർന്ന വിതാനത്തിലേക്ക് വായനക്കാരനെ നയിക്കുന്നു.

- കവിയുടെ (ആഖ്യാതാവിന്റെ) മാനസികാവസ്ഥയെക്കുറിച്ച് എന്ത് സൂചനകളാണ് കാവ്യഭാഗത്തിൽ നിന്നും ലഭിക്കുന്നത്?
- കവി ആരോടൊക്കെയാണ് സഹായാഭ്യർത്ഥന നടത്തുന്നത്?
- എന്തുകൊണ്ടാവാം ഇത്?

കുട്ടികൾ കവിത വായിക്കട്ടെ നിഗമനങ്ങൾ അവതരിപ്പിക്കട്ടെ.

കവിതയിൽ നിന്നും കണ്ടെത്താവുന്ന ആശയങ്ങൾ

- കവി ദു:ഖിതനാണ്. എവിടെയുമാശ്രയം കണ്ടെത്താനാവാത്തയാൾ, തനിക്ക് കൂട്ടായും ആശ്രയവുമായുമാരുമില്ലെന്ന വേദനയോടെ ജീവിതം ഒരു അലച്ചിലായി പോയിരിക്കുന്നു.
- ഒടുവിൽ കവി ആശ്രയം കണ്ടെത്തിയത് പ്രകൃതിയിലാണ്. തന്റെ വേദനകളെയുൾക്കൊള്ളാനും മനസ്സിൽ സമാധാനമരുളാനും നിരുപാധികമായ ആനന്ദത്തിലേക്ക് നയിക്കാനും ഈ മനോഹര പ്രകൃതിക്കേ കഴിയുകയുള്ളൂവെന്ന് കവി തിരിച്ചറിയുന്നു.

ഇപ്പറഞ്ഞതൊക്കെ കവിതയിൽ നിന്നു ലഭിക്കുന്ന വസ്തുതകളോ ആശയങ്ങളോ മാത്രമാണ്. ഈ ആശയങ്ങൾ വെറും ആശയങ്ങൾ തന്നെയാണോ അവതരിപ്പിക്കുന്നത്?

ഋതുക്കൾ മാറിവരുന്നു എന്ന ആശയം കവിതയിലെത്തുമ്പോൾ താമരക്കുളങ്ങൾക്കരികിലെ വഴിയിലൂടെ പ്രേമവേദനകൾ പാടിക്കൊണ്ട് ഋതുക്കൾ മറഞ്ഞുപോകുന്നു എന്ന മനോഹര സങ്കല്പമാകുന്നു. ഋതുക്കൾ ഏകാന്തപഥികരായ സഞ്ചാരികളായി മാറുന്നു. മനുഷ്യപ്രകൃതം കൈവരിക്കുന്നു.

ശേഷമുള്ള വരികളുടെ ഭാവസൗന്ദര്യവും കണ്ടെത്താൻ ശ്രമിക്കട്ടെ.

- പക്ഷികൾ ഇങ്ങനെ പറന്നുപോകുന്നത് - പാട്ടിന്റെ തോണിയിലേറി ഏകാന്തവനനദീ തീരത്തേക്ക് മെല്ലെ ത്തുഴഞ്ഞു പോവുന്നു.
- ഗംഭീരങ്ങളായ മലകൾ - ഭയദു:ഖങ്ങളൊന്നുമേശാതെ പരമാനന്ദത്തിന്റെ അമൃതം തേടി കവിതാസമാധിയിലിരിക്കുന്നു.

ആശയങ്ങൾ കവിതകളാകുമ്പോൾ അവയിൽ പുതിയൊരു വെളിച്ചം വീഴുന്നു. സങ്കല്പങ്ങളുടെ പുതിയ തലം അവ കൈവരിക്കുന്നു. പുഴു പൂമ്പാറ്റയാകും പോലെയൊരു ജീവസ്പർശം ആശയങ്ങൾക്ക് കൈവരുന്നു.

വിദ്യാർത്ഥികൾ കവിതയെക്കുറിച്ചുള്ള ഏറ്റവും സാരവത്തായ ഈയൊരു ധാരണ നേടുന്നു. അതിനുശേഷം വസ്തുനിഷ്ഠഭാഷയിൽ നിന്ന് കാവ്യഭാഷ എങ്ങനെ വ്യത്യസ്തമാകുന്നുവെന്ന ഒരു ചർച്ച നടക്കട്ടെ.

പ്രസക്തങ്ങളായ നിഗമനങ്ങളേതെന്ന് വിദ്യാർത്ഥികൾ തിരിച്ചറിയട്ടെ.

- പുറത്താക്കപ്പെട്ട ഒരാളാണ് ഇതിലെ ആഖ്യാതാവ്.
- കഴിഞ്ഞതെല്ലാം മറന്ന് തന്നെ വിളക്ക് കൊളുത്തി സ്വീകരിക്കാൻ അയാൾ അഭ്യർത്ഥിക്കുന്നു.
- മുമ്പുനടന്ന സംഭവങ്ങളിലുള്ള പശ്ചാത്താപം അതിൽ പ്രകടം.
- ഋതുക്കളിൽ നിന്നും പറവപ്പറ്റങ്ങളിൽ നിന്നും മലകളിൽ നിന്നുമാണ് അയാൾ പുറത്തായത്.
- പ്രകൃതിയിൽ നിന്ന് അന്യനാകുന്ന മനുഷ്യന്റെ വേദന ഇതിൽ കാണാം.
- ഋതുക്കൾ പ്രേമവേദന പാകി മറയുന്നത് താമരക്കുളങ്ങളുടെ വക്കിലെ തോപ്പിൽക്കൂടിയാണ്.
- തോപ്പിൽ മരങ്ങളുടെ വിത്ത് പാകുന്നതുപോലെ ഋതുക്കൾ പാകുന്നത് പ്രേമവേദനയാണ്.
- ഋതുക്കൾ മാറിയാലും വേദന ഇല്ലാതാവില്ല. പകരം മുളച്ച് വളരുമെന്നർത്ഥം.
- ചെടികളും മരങ്ങളും തളിർക്കുകയും പൂക്കുകയും ഇല കൊഴിയുകയും ചെയ്യുന്നതിലൂടെയാണല്ലോ ഋതുക്കളിൽ വരുന്ന മാറ്റം നമുക്ക് പ്രകടമാകുന്നത്. ഋതുക്കൾ തോപ്പിൽക്കൂടി മറയുന്നു എന്ന് പറഞ്ഞത് അതിനാലാകാം.
- പക്ഷിക്കൂട്ടങ്ങൾ പറക്കുകയാണ് ചെയ്യുക ഇവിടെ പക്ഷേ തുഴഞ്ഞു പോകുന്ന എന്ന് പറയുന്നു.
- പാട്ടുപാടിപ്പറക്കുന്ന അവയെ ഗാനനൗക തുഴഞ്ഞ് ഏകാന്ത വനനദീതീരങ്ങൾ തേടിപ്പോകുന്നവരായി സങ്കൽപിക്കുന്നു.
- മലകൾ സമാധിയിരിക്കുകയാണ്.
- മനുഷ്യമനസ്സിലുണ്ടാകാറുള്ള അസ്വസ്ഥതകളൊന്നും അവയ്ക്കില്ല.
- സന്തോഷത്തിന്റെ അമൃതം തേടിയാണ് കവിതാസമാധിയിൽ ഇളക്കമില്ലാതെ ഉറച്ചു നിൽക്കുന്നത്.

- കവിതയിൽ മുഴുകൽ ഒരുതരം സമാധിതന്നെയാണ്. കവിത തുളുമ്പുന്ന അന്തരീക്ഷമാണ് മലകളിലേത് എന്ന ആശയമാണ് ഇങ്ങനെ അനുഭൂതിയാക്കി മാറ്റിയിരിക്കുന്നത്.
- പ്രകൃതിബിംബങ്ങളിലൂടെ, പ്രത്യേകിച്ച് ദൃശ്യബിംബങ്ങളിലൂടെയാണ് അസാധാരണമായ അനുഭൂതി കവി സൃഷ്ടിക്കുന്നത്.

എങ്കിൽ കവിത എന്താണെന്ന് നിർവചിക്കാമോ? കവിതയെ സംബന്ധിച്ച ചില പ്രസ്താവനകളോ നിർവചനങ്ങളോ കുട്ടികൾ അവതരിപ്പിക്കട്ടെ. തുടർന്ന് പശ്ചാത്യവും പൗരസ്ത്യവുമായ ചില കാവ്യനിർവചനങ്ങൾ കുട്ടികളുടെ ശ്രദ്ധയിൽപെടുത്താം.

കവിതയെക്കുറിച്ചുള്ള കൂടുതൽ ധാരണകൾക്കായി കുട്ടികൾ കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ എന്ന ലേഖനം വായിക്കട്ടെ.

## കാവ്യകലയെക്കുറിച്ച് ചില നിരീക്ഷണങ്ങൾ

### പാഠാപഗ്രഥനം

കവിതാനിരൂപണത്തെക്കുറിച്ചും പാരായണത്തെക്കുറിച്ചുമുള്ള പരമ്പരാഗതമായ ധാരണകൾ പൊളിച്ചെഴുതുന്ന ലേഖനമാണ് എം.എൻ. വിജയന്റേത്. തത്ത്വചിന്ത, മനഃശാസ്ത്രം, ചരിത്രം തുടങ്ങിയവ നൽകുന്ന പുതിയ ഉൾക്കാഴ്ചകളുപയോഗിച്ചാണ് മാറിയകാലത്ത് കവിതകൾ വായിക്കേണ്ടത് എന്ന് ലേഖകൻ പറയുന്നു. കവിതയിൽ ആവിഷ്കരിക്കപ്പെട്ടിരിക്കുന്ന ഓരോ സന്ദർഭത്തിന്റെയും പ്രതീകത്തിന്റെയും അർത്ഥം ചരിത്രപരമായി നിർണയിക്കപ്പെട്ടിരിക്കുന്നു

### ചില കാവ്യനിർവചനങ്ങൾ

'വാക്കുകളുടെ നൃത്തമാണ് കവിത' എന്ന് ഫ്രഞ്ച് സാഹിത്യകാരൻ പോൾ വലേറി അഭിപ്രായപ്പെട്ടിട്ടുണ്ട്. ഗദ്യം ഒരാശയത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള നടത്തമാണെങ്കിൽ കവിത നൃത്തമാണ് (Poetry is to prose as dancing is to walking) എന്നദ്ദേഹം പറഞ്ഞു. തിരിച്ച് നൃത്തം കാലുകളുടെ കവിതയാണെന്ന് ജോൺ ഡ്രൈഡനും പറയുന്നു. (Dancing is the poetry of foot - John Dryden)

വാക്കുകളുടെ ലയമാണ് കവിത, സ്വരങ്ങളുടെ ലയമാണ് സംഗീതം - ജോൺ ഡ്രൈഡൻ (As poetry is the harmony of words, so music is that of notes - John Dryden)

സംഗീതത്തിനും ഗദ്യത്തിനും മധ്യേയാണ് കവിതയുടെ സ്ഥാനം. ചിലപ്പോൾ അത് പൂർണമായും ഉരിയാടാത്ത പ്രിയകരമായ സംഭാഷണം പോലെയാണ്, ചിലപ്പോൾ നൃത്തം പോലെയും പദരഹിതമായ സംഗീതം പോലെയുമാണ്.

Poetry is halfway between Prose and music. It is sometimes like an intimate conversation which need not be fully uttered and some times like dancing and wordless music - Gilbert Highet.

**ഭാരതീയ കാവ്യനിർവചനങ്ങൾ**

വാക്യം രസാത്മകം കാവ്യം

(വിശ്വനാഥൻ)

വക്രമായ ഉക്തിയാണ് കവിത.

(കുന്തകൻ)

രമണീയാർത്ഥ പ്രതിപാദക ശബ്ദം കാവ്യം

(പണ്ഡിതരാജൻ)

ഓരോ കാലഘട്ടത്തിലെയും കവികൾ തെരഞ്ഞെടുക്കുന്ന പദങ്ങൾ, ഉപയോഗിക്കുന്ന പ്രതീകങ്ങൾ എന്നിവയുടെ അർത്ഥം നിർണയിക്കുന്നത് വ്യത്യസ്തമായ ചരിത്ര സംഭവങ്ങളാണ്. ഉദാഹരണത്തിന് കല്യാണസൗഗന്ധികം എന്ന കൃതിയിൽ വാഴത്തോട്ടത്തെ വർണിക്കുന്ന കുഞ്ചൻനമ്പ്യാർ വാഴപ്പഴങ്ങളെ ഗോമേദകവും വൈഡൂര്യവും മരതകവുമൊക്കെയായി കല്പിക്കുന്നുണ്ട്. എന്നാൽ ചങ്ങമ്പുഴയുടെ വാഴക്കുലയിലെത്തുമ്പോൾ, മാറിയ ചരിത്ര സാഹചര്യത്തിൽ വാഴപ്പഴത്തെ ഇങ്ങനെ സങ്കൽപിക്കാൻ സാധിക്കുന്നില്ല. മേഘത്തെ എത്രയോ കവികൾ പലതിനോടും ഉപമിച്ചിട്ടുണ്ട്.എന്നാൽ ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് നൂൽനൂൽക്കാനുള്ള പരുത്തിയായാണ് വള്ളത്തോൾ മേഘത്തെ സങ്കൽപിക്കുന്നത്. ഓരോ കവിയും തന്നിഷ്ടം പോലെ പുതിയ ലോകങ്ങൾ നിർമ്മിച്ചുകൊണ്ടേയിരിക്കുന്നു. അനുഭവങ്ങളുടെ നവം നവങ്ങളായ പുതുലോകങ്ങൾ സൃഷ്ടിക്കുന്നവരാണ് മഹാകവികൾ എന്ന കാര്യം എം.എൻ.വിജയൻ സൂചിപ്പിക്കുന്നു.

വൈലോപ്പിള്ളിയുടെ 'മാമ്പഴം' 'സഹ്യന്റെ മകൻ' തുടങ്ങിയ കൃതികളെ മനഃശാസ്ത്രത്തിന്റെ സൈദ്ധാന്തിക നിലപാടിൽ നിന്നുകൊണ്ട് എം.എൻ.വിജയൻ വായിച്ചെടുത്തിട്ടുണ്ട്. (കവിതയും മനശ്ശാസ്ത്രവും) ഇതുപോലെ നവ വിമർശനം (New criticism) സാമൂഹികശാസ്ത്ര വിമർശനം (Sociological criticism), സ്ത്രീപക്ഷ വിമർശനം (feminist criticism) അപനിർമാണം (deconstruction) തുടങ്ങിയ നിരൂപണ പദ്ധതികളും വിജ്ഞാനമേഖലകളും എന്നാണ് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നത്. വാക്കുകളുടെ കേവലമായ അർത്ഥത്തിനപ്പുറത്ത് അനേകം സൂചിതാർത്ഥങ്ങൾ സന്നിഹിതമായിരിക്കുന്നു. സാമൂഹികസന്ദർഭങ്ങളാണ് സാഹിത്യത്തിലെ പദങ്ങളുടെ അർത്ഥം നിർണയിക്കുന്നത് എന്നും ഓരോ വായനക്കാരനും വ്യത്യസ്തമായ അർത്ഥങ്ങൾ നിഷ്പാദിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നും നിരൂപണത്തിന്റെ പുതുസാധ്യതകളാണ്. എം.എൻ. വിജയൻ വിശദീകരിക്കുന്നു. സാമാന്യവ്യവഹാരത്തിലുപയോഗിക്കുന്നഭാഷയെ പരാമർശപരമായ ഭാഷ (referential language) എന്നും സാഹിത്യകൃതികളിലൂപയോഗിക്കുന്ന ഭാഷയെ ഭാവനാത്മകമായ ഭാഷ (emotive language) എന്നും ഐ.എ. റിച്ചാർഡ് വിശദമാക്കുന്നുണ്ട്. ഭാവനാത്മകമായ ഭാഷാപ്രയോഗങ്ങൾ കാവ്യാനുഭൂതിക്ക് സഹായകമായിത്തീരുന്നതെങ്ങനെ എന്ന അന്വേഷണമാണ് എം.എൻ. വിജയൻ നടത്തുന്നത്. വാക്കുകളുടെ നൃത്തം തന്നെയാണ് കവിത. എന്നാൽ വാക്കിന്റേതിനേക്കാൾ അർത്ഥത്തിന്റെ നൃത്തമാണ് കവിതയിൽ സംഭവിക്കുന്നത്. പറയാനുള്ളത് നേരെ ചൊവ്വേ പറയുന്നത് കവിതയാവുകയില്ല. പുതിയ വൈജ്ഞാനിക മുന്നേറ്റങ്ങളുടെ കാലത്ത് പഴയമട്ടിലുള്ള കാവ്യാസ്വാദനത്തിന് പ്രസ്ക്തി നഷ്ടപ്പെട്ടിരിക്കുന്നു. അവ്യവസ്ഥിതത്വം (Ambiguity) എന്ന കാവ്യസ്വഭാവത്തെക്കുറിച്ച് ലേഖകൻ സൂചിപ്പിക്കുന്നു. വില്യം എംപ്സൺന്റെ ഈ സങ്കൽപം ഒരുകാലത്ത് കാവ്യദോഷമായി കണക്കാക്കിയിരുന്നെങ്കിൽ വാക്കുകളുടെ നാനാർത്ഥോത്പാദനശേഷി ഇന്ന് കവിതയുടെ ഗുണമായാണ് വിലയിരുത്തുന്നത്.

നൽകുന്ന പുതിയ വെളിച്ചത്തിൽ സാഹിത്യരചനകളെ വ്യാഖ്യനിക്കുന്ന രീതിവ്യാപകമായിട്ടുണ്ട്. ഒരു കൃതിയുടെ ആന്തരരഹസ്യങ്ങളിലേക്ക് വാതിൽ തുറന്നിടാൻ കഴിയുന്ന വായനാരീതിയാണ് ഇവയെല്ലാം.

### കവിതയുടെ ഭംഗി

എം.എൻ.വിജയന്റെ അഭിപ്രായത്തെ പി.കുഞ്ഞിരാമൻ നായരുടെ കവിതയുമായി താരതമ്യം ചെയ്ത് കവിതയുടെ സവിശേഷതകൾ കണ്ടെത്തുകയും എം.എൻ. വിജയൻ സൂചിപ്പിക്കുന്ന ആശയം തിരിച്ചറിയുകയും ചെയ്യുകയാണ് പ്രവർത്തനത്തിലൂടെ നടക്കേണ്ടത്.

എം.എൻ. വിജയൻ സൂചിപ്പിക്കുന്ന ആശയത്തിന്റെ വിവിധ തലങ്ങൾ കുട്ടികൾ തിരിച്ചറിയട്ടെ.

- നൃത്തം, ഗാനം, ശില്പം ഇവയോട് കവിതക്കുള്ള അടുപ്പം എന്താണ്?
- 'വാക്കുകൾ കൊണ്ടുള്ള നൃത്തമാണ് കവിത' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?

നൃത്തം, ഗാനം, ശില്പം, സാഹിത്യം തുടങ്ങിയ സുകുമാര കലകൾ തമ്മിലുള്ള ബന്ധം എന്താണെന്നാണ് എം.എൻ. വിജയൻ വിശദീകരിക്കുന്നത്?

- കേവലമായ നമ്മുടെ ചലനങ്ങൾ നൃത്തത്തിലെത്തുമ്പോൾ കൃത്യമായ ലയവും താളവും ദീക്ഷിക്കുന്നു. അപ്പോൾ അവ സൗന്ദര്യാനുഭവമാകുന്നു.
- കേവലമായ ശബ്ദങ്ങൾ ലയത്തോടെ പരസ്പരം ചേരുമ്പോൾ, അതിന് രാഗവും ഭാവവും വരുമ്പോൾ അത് സംഗീതമാകുന്നു.
- കല്ല് ശില്പമാകുന്നതിലും ഈ അത്ഭുതകരമായ പരിവർത്തനം ഉണ്ട്. കല്ലിൽ നിന്ന് ശില്പം കൊത്തിയെടുക്കുന്ന ശില്പിയുടെ ഉള്ളിലും, പണിതെടുക്കേണ്ടുന്ന ശില്പത്തെക്കുറിച്ചുള്ള ഭാവാത്മകമായ ചിത്രമാണുള്ളത്.
- സാഹിത്യവും മറ്റ് സുകുമാര കലകളെപ്പോലെ ഒരു മാധ്യമം ഉപയോഗിക്കുന്നു. സാഹിത്യത്തിന്റെ മാധ്യമം ഭാഷയാണ്. ഭാഷയിലെ വാക്കുകൾ പരസ്പരം ചേർന്നു നിന്ന് നൃത്തം ചവിട്ടുന്ന സവിശേഷമായ അനുഭവം കാവ്യാന്തരീക്ഷത്തിൽ പിറവികൊള്ളുന്നു. കേവലമായ ആശയങ്ങളെ വാക്കിന്റെ അനന്യസാധാരണമായ ചേർച്ചകൊണ്ട്, ശാശ്വത ശില്പമാക്കിമാറ്റുകയാണ് കവി.

തുടർന്ന് കുഞ്ഞിരാമൻ നായരുടെ കവിതയിൽ വളരെ പരിമിതമായ വാക്കുകൾ കൊണ്ട് സൗന്ദര്യത്തിന്റെ ഗോപുരം തന്നെ തീർക്കാൻ കവിക്ക് സാധിച്ചതിന്റെ തെളിവുകളിലേക്ക് പോകാം. പ്രവേശക പ്രവർത്തനവുമായി ബന്ധപ്പെട്ട് വിശദീകരിച്ച ആശയങ്ങൾ എങ്ങനെയാണ് ചില ചെറുപദച്ചേരുവകൾ കൊണ്ട് കവിസൃഷ്ടിച്ചതെന്ന് വിശദീകരിക്കാം.

കവിതയിൽ വാക്കുകൾ നേടുന്ന ലയവും ഭാവവും താളവും ധ്വന്യാത്മകതയും ഉദാഹരണ സഹിതം വിശദീകരിക്കാൻ ശ്രദ്ധിക്കണം.

ഉദാ:

(കണ്ണിമാങ്ങകൾ കണ്ടപ്പോൾ പഴയകാലം ഓർമ്മവരുന്നത്)

'എണ്ണം തെറ്റിയ ഓർമ്മകൾ വീണ്ടും/ കുന്നിൻ ചരിവിൽ മാവിൻ കൊമ്പിൽ/ ഉണ്ണികളായി ഉറങ്ങിയെണീക്കെ

(കടമ്മനിട്ട/കടമ്മനിട്ട രാമകൃഷ്ണൻ)

### കാവ്യരചനാ തന്ത്രങ്ങൾ

ഏതു സാധാരണമായ അവസ്ഥയിൽ നിന്നും അസാധാരണത്വത്തെ സൃഷ്ടിക്കുവാൻ കഴിയുന്നയാളാണ് കവി എന്ന ആശയം അവതരിപ്പിക്കാം.

കവി പ്രതിഭയുടെ പ്രധാന സ്വഭാവങ്ങൾ കണ്ടെത്തട്ടെ.

- വേറിട്ട ചിന്തകൾ
- ഭാവന
- സാധാരണമായതിനെയും സൗന്ദര്യാത്മകമായി അവതരിപ്പിക്കാനുള്ള കഴിവ്.

ഒരേ വസ്തു തന്നെ വ്യത്യസ്ത കവികൾ വ്യത്യസ്ത അർത്ഥത്തിൽ അവതരിപ്പിച്ചത് ലേഖനത്തിൽ നിന്നു തന്നെ ഉദാഹരിക്കാം.

| | | |
|---|---|---|
| മേഘം | - | കാളിദാസൻ, വള്ളത്തോൾ |
| കാറ്റ് | - | ജി.ശങ്കരക്കുറുപ്പ് വൈലോപ്പിള്ളി |
| മഴ | - | സുഗതകുമാരി (രാത്രിമഴ) റഫീക്ക് അഹമ്മദ് (തോരാമഴ) |

**വിശദീകരണം**

**1. ഐ. എ. റിച്ചാർഡ്സ്** (1893 - 1978) ഐവർ ആംസ്ട്രോങ് റിച്ചാർഡ് ഇംഗ്ലീഷ് സാഹിത്യനിരൂപകൻ. നവവിമർശനത്തിന്റെ വക്താവും പ്രയോക്താവും. പ്രധാനകൃതികൾ. - The Foundation of Aesthetics, The Principles of Literacy Criticism, Science and poetry, Practical criticism.

**2. അവ്യവസ്ഥിതത്വം (Ambiguity):** സന്ദേഹാത്മകത, പദത്തിന്റെ അർത്ഥത്തിലുള്ള അസ്പഷ്ടത, അനിശ്ചിതത്വം എന്നെല്ലാമാണ് ആദ്യഘട്ടത്തിൽ ആംബിഗുറ്റിക് അർത്ഥം നൽകിയിരുന്നത്. പദത്തിന് ഒന്നിലധികം അർത്ഥങ്ങളുണ്ടാകാനുള്ള സാധ്യതയും വ്യാഖ്യാനഭേദങ്ങളുണ്ടാകാവുന്ന പ്രസ്താവനകളിലുമാണ് ആംബിഗുറ്റിയുണ്ടാകുന്നത്. 1930 - ൽ വില്യം എംപ്സൺ രചിച്ച Seven types of Ambiguity എന്ന ഗ്രന്ഥത്തിലാണ് ഒരു പദത്തിന്റെ അർത്ഥത്തിന് നിരവധി അടുക്കുകൾ ഉണ്ടാകുമെന്ന് സമർത്ഥിക്കുന്നത്. പദങ്ങളിൽ നിന്ന് നിരവധി അടുക്കുകളിലായി അർത്ഥങ്ങൾ ഉറഞ്ഞു കിടക്കുന്നു. കേൾക്കുമ്പോൾത്തന്നെ മനസ്സിലാകുന്ന ഒരർത്ഥവും (വാച്യം) അതിനു പിന്നിലുള്ള അർത്ഥസമുച്ചയവുമുണ്ട് (വ്യംഗ്യം) ഒരു പദത്തിന് ഏതർത്ഥമാണ് ഉദ്ദിഷ്ടമെന്ന് സംശയം വരുന്നതുകൊണ്ടാണ് ആംബിഗുറ്റി എന്ന പദം തന്നെ എംപ്സൺ ഉപയോഗിച്ചത്. ഭാരതീയ കാവ്യസങ്കൽപത്തിലെ അഭിധ, ലക്ഷണ, വ്യഞ്ജന എന്നീ അർത്ഥഭേദകല്പനകളും ഓർക്കാവുന്നതാണ്.

**3. സൂപ്പർ ഈഗോ :** സിഗ്മണ്ട് ഫ്രോയിഡ് എന്ന മനഃശാസ്ത്രജ്ഞൻ ആവിഷ്കരിച്ച മനശ്ശാസ്ത്ര തത്ത്വങ്ങളിലെ ഒരു സങ്കൽപം. മനസ്സിനെ

- മുൻക്ലാസ്സുകളിൽ പഠിച്ച കവിതകളിൽ നിന്നുള്ള സമാനമായ വരികൾ കുട്ടികൾ കണ്ടെത്തട്ടെ. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ഒരു ലേഖനം എഴുതാൻ ആവശ്യപ്പെടാം.

### താരതമ്യക്കുറിപ്പ്

- മലയാളത്തിലെ ആദ്യകാല കവിതകളുടെ ചില സവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്താൻ കുട്ടികളോട് ആവശ്യപ്പെടാം.
- വൃത്തം/താളം
- പ്രാസം
- അലങ്കാരങ്ങൾ
-

പുതിയ കവിതകളിൽ ഇവ കാണുന്നുണ്ടോ? എന്തെല്ലാം പ്രത്യേകതകളാണ് പുതിയ കാലത്തെ കവിതകളിൽ കാണുന്നത്? കുട്ടികൾ അഭിപ്രായങ്ങൾ രേഖപ്പെടുത്തട്ടെ. മത്സ്യം എന്ന കവിതയെ ഉദാഹരണമായി സൂചിപ്പിക്കാം.

- ഗദ്യാത്മകത
- അലങ്കാരങ്ങൾക്ക് പകരം പ്രതീകങ്ങൾ

കണ്ടെത്തിയ സവിശേഷതകൾ താരതമ്യക്കുറിപ്പുകളായി എഴുതട്ടെ.

## ഊഞ്ഞാലിൽ

### പാഠാപഗ്രഥനം

ദാമ്പത്യജീവിതത്തിന്റെ സാർത്ഥകതയെയും നിരർത്ഥകതയെയും കുറിച്ച് ഒരേ പോലെ പാടിയ കവിയാണ് വൈലോപ്പിള്ളി. (ദമ്പതികൾ തമ്മിലുള്ള വൈരുധ്യവും സംഘർഷവും ശക്തമായി അവതരിപ്പിക്കുന്ന കണ്ണീർപ്പാട

ഇദ്,ഈഗോ, സൂപ്പർ ഈഗോ, എന്ന് മൂന്നുതലങ്ങളായി അദ്ദേഹം തിരിച്ചു. ഇദ് പരിപൂർണ്ണമായും അബോധ മനസ്സിൽ നിലകൊള്ളുന്നു. ഈഗോ ബോധ മനസ്സിലും അബോധമനസ്സിലും മാറി മാറി പെരുമാറുന്നു. സൂപ്പർ ഈഗോ മാത്രമാണ് ബോധതലത്തിൽപെടുന്നത്. വ്യക്തിക്ക് സമൂഹവുമായുള്ള ബന്ധം നിയന്ത്രിക്കുന്നതും ആരോഗ്യകരമാക്കുന്നതും സൂപ്പർ ഈഗോ ആണ്.

**4. ഉത്തിഷ്ഠമാന പ്രതിഭന്മാർ :** ഉത്തിഷ്ഠമാനമായ പ്രതിഭയുള്ളവർ. ഉത്തിഷ്ഠമാനം = ഉയർന്നു വരുന്ന, വർദ്ധിച്ചു വരുന്ന

**സൂചിത രചനകൾ**

| | | |
|---|---|---|
| മേഘസന്ദേശം | - | കാളിദാസൻ |
| കല്യാണസൗഗന്ധികം | - | കുഞ്ചൻനമ്പ്യാർ |
| വാഴക്കുല | - | ചങ്ങമ്പുഴ |
| അന്വേഷണം | - | ജി. ശങ്കരക്കുറുപ്പ് |
| മാമ്പഴം | - | വൈലോപ്പിള്ളി |
| സഹ്യന്റെ മകൻ | - | വൈലോപ്പിള്ളി |

"കിഴക്കു ദിക്കിലെ ചെന്തെങ്ങിൽ
കരിക്കു പൊന്തിയ നേരത്ത്
മുരിക്കിൻ തയ്യേ നിന്നുടെ ചോട്ടിൽ
മുറുക്കിത്തുപ്പിയതാരാണ്"

രചന : പി. ഭാസ്കരൻ
സംഗീതം : കെ. രാഘവൻ
ആലാപനം : എ. പി. കോമള
ചിത്രം : ആദ്യകിരണങ്ങൾ (1964)

"രാക്കരിക്കിൻ കണ്ണുകുത്തി
ത്തള്ളും വെള്ളം തെറിക്കവേ
ചിരിച്ചു കൊണ്ടൊന്നു കണ്ണു-
ചിമ്മിപ്പോയ് പുലർതാരക "

പി. കുഞ്ഞിരാമൻ നായർ
(സൗന്ദര്യപൂജ)

ത്തിലും പക്ഷേ ഒരുമിച്ച് മുന്നേറാനുള്ള വഴിയെന്തെന്ന് കവി തിരിച്ചറിയുന്നുണ്ട്). ദാമ്പത്യസുഖവും അനുരാഗവുമെല്ലാം തന്റെ ജീവിതത്തിൽ അനുഭവിക്കാനുള്ള തല്ല സ്മരിക്കപ്പെടാനുള്ളതാണ് എന്നാണ് വൈലോപ്പിള്ളി കരുതിയ തെന്ന് എം.എൻ.വിജയൻ നിരീക്ഷിച്ചിട്ടു ണ്ട്. (വൈലോപ്പിള്ളി/എം.എൻ.വിജ യൻ). ഇങ്ങനെ യൗവനത്തിലെ അനു രാഗത്തെക്കുറിച്ച് വാർദ്ധക്യകാലത്ത് ഓർമ്മിക്കുന്ന മട്ടിലുള്ള കവിതയാണ് 'ഊഞ്ഞാലിൽ.'

1944 ൽ 33-ാം വയസ്സിലാണ് വൈലോ പ്പിള്ളി ഇതെഴുതുന്നത്. അനുരാഗ ത്തെയും വാർധക്യത്തെയും ഒരേപോലെ ഭാവനചെയ്യുകയായിരുന്നു കവി. വൈലോപ്പിള്ളിയുടെ കുടുംബസങ്കൽപ്പ ത്തിന്റെ ഉപനിഷത്താണ് ഈ കവിത യെന്ന് പ്രഫ.കെ.പി.ശങ്കരൻ പറയുന്നു. (കുളിരും തണലും). പി.കുഞ്ഞിരാമൻ നായരുടെയും ജി.ശങ്കരക്കുറുപ്പിന്റെയും കവിതകളെ കേരളത്തിന്റെ പ്രകൃതി യാണ് സ്വാധീനിച്ചതെങ്കിൽ വൈലോപ്പിള്ളിയെ സ്വാധീനിച്ചത് കേര ളത്തിന്റെ സംസ്കാരമാണ് (ഓണപ്പാട്ട്, തിരുവാതിരക്കളി, ഉത്സവങ്ങൾ തുടങ്ങി യവ) എന്നതിന്റെ തെളിവുകൂടിയാണ് 'ഊഞ്ഞാലിൽ.' ഒരു കാലത്ത് നമ്മുടെ ഗ്രാമീണ സംസ്കാരത്തിന്റെ അവിഭാജ്യ ഘടകമായിരുന്ന തിരുവാതി രയാഘോഷമാണ് ഈ കവിതയെ സാധ്യമാക്കിയതുതന്നെ. ബാലഗോപാ ലനെ ഭർത്താവായിക്കിട്ടാൻ ഗോപസ്ത്രീ കൾ കാർത്ത്യായനീപൂജ നടത്തിയ ദിവ സമെന്നും, കാമദേവൻ ദഹിച്ചപ്പോൾ വില പിച്ചു തുടങ്ങിയ രതിക്ക് അചിരേണ ഭർത്തൃസമാഗമം ഉണ്ടാകട്ടെ എന്ന് പാർവതിവരം കൊടുത്ത ദിവസമെന്നും ധനുമാസത്തിലെ തിരുവാതിരയ്ക്കു പിന്നിൽ കഥയുണ്ട്. ഉല്ലാസപ്രദമായ ഈ ദിവസം കൈകൊട്ടിക്കളി, പാതിരാപ്പൂചൂ ടൽ, മുങ്ങിക്കുളി എന്നിവയിലൂടെ സ്ത്രീകൾ ആഘോഷിക്കുന്നു.

വെളുത്തവാവു നാളായിരിക്കും മിക്ക പ്പോഴും തിരുവാതിര. മേഘമൊഴിഞ്ഞ ആകാശമായതിനാൽ ധനുമാസ നിലാ വിന് വെൺമകൂടും. വൃശ്ചികത്തിലാരം ഭിക്കുന്ന പഴയ മഞ്ഞുകാലം ധനുമാസ ത്തിൽ ശക്തമാകുന്നു. മാവു പൂക്കുന്നത് ഇക്കാലത്താണ്. ഇങ്ങനെ മഞ്ഞും നിലാവും മാമ്പൂമണവും ചേർന്ന രാത്രി യെയാണ് സ്ത്രീകൾ ആസ്വദിക്കുന്നത്.

തിരുവാതിരയുടെ മുഖ്യചടങ്ങുകളിലൊ ന്നാണ് വെറ്റില മുറുക്കൽ. മുറുക്ക് ശീല മില്ലാത്ത സ്ത്രീകൾ പോലും അന്ന് മുറു ക്കുന്നു. പുലരും മുമ്പ് നൂറ് വെറ്റില മുറു ക്കിയാൽ ഗംഭീരമായി. സ്നേഹം, ആതി ഥ്യം, ബഹുമാനം തുടങ്ങിയവ പ്രകടിപ്പി ക്കുന്നതിൽ ഒരുകാലത്ത് വെറ്റിലയ്ക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. വെറ്റില വെച്ച് തൊഴുന്നതും ആഘോഷമുള്ള വീടുകളിൽ മുറുക്കാൻ തയ്യാറാക്കിവെക്കു ന്നതും സാധാരണമായിരുന്നു. കവു ങ്ങിൻമേലാണ് മിക്കയിടത്തും വെറ്റിലവള്ളിപടർത്തിയിരുന്നത്. വിദേശി കളെ അടക്കയും വെറ്റിലയും നൽകി സ്വീകരിച്ച കേരളത്തെക്കുറിച്ച് ഉമാകേര ളത്തിൽ ഉള്ളൂർ പറയുന്നുണ്ട്. (അരികി ലണയുവോരെ പൂക, താംബൂലമേകി ത്വരിതമുചിതമമ്മേ സൽക്കരിക്കാനിരി പ്പൂ). നമ്മുടെ സംസ്കാരത്തിൽ വെറ്റില മുറുക്കിന്റെ സ്ഥാനം എന്തെന്നറി ഞ്ഞാലേ 'ഊഞ്ഞാലിൽ' എന്ന കവിത യുടെ ആസ്വാദനം പൂർണമാകൂ.

വാർധക്യകാലത്തെ ഒരു തിരുവാതിര നാൾ ഭാര്യയോട് ഭർത്താവ് സംസാരിക്കുന്ന മട്ടിലാണിതിന്റെ തുടക്കം. 'താംബൂലപ്രിയയായ തിരുവാതിര നാളിൽ' ഒരു വെറ്റില നൂറുതേച്ചുതരാൻ ഭാര്യയോട് പറയുന്നു. മഞ്ഞുകൊണ്ട് ചൂളുകയാണെങ്കിലും ഭൂമി മധുരമായി ചിരിക്കുകയാണ്. നരചൂഴുന്ന നമുക്കും അതുപോലെ ചിരിക്കാം. വെളുത്ത മഞ്ഞ് തലയിൽ പുരണ്ട മന്നിടവും വെളുത്ത നരപൂണ്ട വൃദ്ധദമ്പതികളും ഒരുപോലെ ചിരിക്കുകയാണ്. പ്രകൃതിയുടെ സൗന്ദര്യം മനുഷ്യജീവിതത്തിന്റെ സൗന്ദര്യവുമായി കൂടിച്ചേരുകയാണിവിടെ.

പ്രകൃതികൊണ്ടും കവിതകൊണ്ടും വാർദ്ധക്യത്തെ മറികടക്കാൻ എപ്പോഴും കവിശ്രമിക്കുന്നു.

കലുഷിതമെൻ ജീവിതമൂറി-
ക്കവിതകളായതു കോരി
പാഴ്നരയൊടുപകരംവീട്ടി-
പ്പാനം ചെയ്തു രസിപ്പേൻ

(ഓർമ്മകൾ - വിത്തും കൈക്കോട്ടും)

നരയുടെ മഞ്ഞുകൾ ചിന്നിയ ഞങ്ങടെ
തലകളിൽ മങ്ങി മയങ്ങിയിരിപ്പൂ
നിരവധി പുരുഷായുസ്സിന്നപ്പുറ-
മാളിയൊരോണപ്പൊൻ കിരണങ്ങൾ

(ഓണപ്പാട്ടുകാർ)

മാമ്പൂവിന്റെ മണം നായകനെ വീണ്ടും ജീവിതത്തിന്റെ മധുമാസത്തിലേക്ക് നയിക്കുകയാണ്. വൈലോപ്പിള്ളിയുടെ ഇഷ്ടവസ്തുക്കളിലൊന്നാണ് മാമ്പൂ. കാമദേവന്റെ അഞ്ച് സൗഗന്ധികബാണങ്ങളിൽ ഒന്നായ മാമ്പൂവിനെക്കുറിച്ച് മറ്റാരും ഇത്രയും തീവ്രാനുഭൂതിയോടെ പാടിയിട്ടില്ലെന്ന് എം.എൻ.വിജയൻ നിരീക്ഷിക്കുന്നു (വൈലോപ്പിള്ളി, പേജ് - 47). ഇവിടെ മാമ്പൂവിൻ മണത്തെ കാറ്റായി സങ്കൽപിക്കുമ്പോൾ 'കുടിയൊഴിക്ക'ലിൽ തീയായാണ് വർണിക്കുന്നത്. കാമബാണങ്ങളിലൊന്നായ മാമ്പൂവ് പ്രണയത്തെയും രതിയെയും ഉണർത്തുന്നത് സ്വാഭാവികം.

മുപ്പതുവർഷം മുമ്പത്തെ ആതിര നാളിലേക്കാണ് ഓർമ്മ ചെന്നെത്തുന്നത്. മന്ദസ്മിതത്താൽ മനോഹരിയായ ആതിര പോലെയായിരുന്നു അന്ന് പ്രേയസി. മഞ്ഞും നിലാവെളിച്ചവും മധുവും ഇറ്റി വീണിരുന്ന ആ രാത്രി ദമ്പതികൾ ആരും കാണാതെ പുലരും വരെ ഊഞ്ഞാലാടിയിട്ടുണ്ട്. തിരുവാതിരനാൾ ഊഞ്ഞാലാടലും പ്രധാന വിനോദമായിരുന്നു പണ്ട് സ്ത്രീകൾക്ക്. മനുഷ്യഭാവം പ്രകൃതിയിലാരോപിക്കുന്ന തന്ത്രം ഇവിടെയും കാണാം. ചുവന്ന പുലരിയെ നൂറുവെറ്റില (നൂറുതേച്ച വെറ്റിലയെന്നും) തിന്നവളായി വർണിക്കുന്നു.

ആ മാവിന് ഇന്നും പൂക്കാൻ ഓർമ്മയുണ്ടായി. ഓർമ മനുഷ്യന് മാത്രമല്ല പ്രകൃതിക്കും ഉള്ളതായി സൂചിപ്പിച്ച് ഓർമ്മയ്ക്ക് അടിവരയിടുന്നു, കവി. ഉണ്ണിയുടെ കളിമ്പം കാരണം ഇന്നും ആത്മാവിൽ ഒരു ഊഞ്ഞാൽ കെട്ടിയിരിക്കുന്നു. അവൻ പക്ഷേ അതിൽ ആടാതെ നേരത്തേ ഉറങ്ങുകയാണ്.

മകനെ ഉറക്കിക്കിടത്തി മാഞ്ചോട്ടിലെത്തിയപ്പോൾ ഭർത്താവിന് ഒരാശ തോന്നുന്നു. കാറ്റുപോലെ വീശുന്ന നിലാവിന്റെ വശ്യശക്തികാരണമാണ് ആശയുണരുന്നത്. പണ്ടത്തെപ്പോലെ ഊഞ്ഞാലിൽ ഇരിക്കൂ, തിരയെ കാറ്റെന്നപോലെ ഞാൻ ആട്ടിത്തരാം എന്ന

യാൾ പറയുന്നു. അതു കേട്ട് അവൾ ചിരിക്കുമ്പോൾ യൗവനത്തിന്റെ മറ്റെല്ലാം മറഞ്ഞാലും ആ ചിരി ഇന്നും ശേഷിക്കുന്നതായി കവിക്കു തോന്നുന്നു.

മാംഗല്യചിഹ്നമായ വെള്ളിത്താലി പോലെയാണാ ഇരിപ്പ്. പഴയകാലത്ത് താലി വെള്ളികൊണ്ടാകണമെന്നായിരുന്നു സങ്കൽപം. വർത്തമാനകാലത്തിന്റെ സ്ഥൂലതയിൽ നിന്ന് ഭൂതകാലത്തിന്റെ കൃശസൗന്ദര്യത്തിലേക്കുള്ള ഊഞ്ഞാലാട്ടമാണിവിടെ നടക്കുന്നത്. ദൂരെ മഹാനഗരത്തിൽ കുടുംബിനിയായിക്കഴിയുന്ന മകൾ ആതിരപ്പെണ്ണിന് ഊഞ്ഞാലാടാൻ അമ്പിളിവിളക്കേന്തുന്ന ആയിരംകൽമണ്ഡപമായ ഈ നാട്ടിൻപുറത്തെ സ്വപ്നം കാണുന്നുണ്ടാവാം എന്നയാൾ ചിന്തിക്കുന്നു. ദുഃഖത്തിലും വേരുറപ്പോടെ നിൽക്കുന്ന ജീവിതോല്ലാസം നാട്ടിൻപുറത്തിന്റെ സവിശേഷതയത്രേ.

'ഞാൻ കേരളത്തിലൊരു നാട്ടുമ്പുറത്തു ജനിച്ചുവളർന്നതാണ് എന്റെ കവിതയുടെ ഏറ്റവും വലിയ ഭാഗ്യമെന്ന് തോന്നുന്നു. ഞാൻ കണ്ട നാട്ടിൻപുറം നാൾതോറും നിറങ്ങളുടെയും നാദങ്ങളുടെയും ഗന്ധങ്ങളുടെയും നവംനവങ്ങളായ അത്ഭുതങ്ങൾ ഉദ്ഘാടനം ചെയ്യുന്ന അമ്മയെപ്പോലെ സ്നേഹം നിറഞ്ഞ ഒരു കൊച്ചു ലോകമായിരുന്നു. (എന്റെ കവിത – ആമുഖം, വിത്തും കൈക്കോട്ടും)

- ഏതു ധൂസരസങ്കൽപ്പങ്ങളിൽ വളർന്നാലും

  ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും

  മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും

  മണവും മമതയും ഇത്തിരികൊന്നപ്പൂവും

  (വിഷുക്കണി)

- ധീരം വായ്ക്കുന്നു കണ്ണുനീർക്കുത്തിൽ

  നേരമ്പോക്കിന്റെ വെള്ളിമീൻചാട്ടം

  (കന്നിക്കൊയ്ത്ത്)

- വരട്ടെ ദുരിതങ്ങൾ, കേരളത്തിനു മേലും

  ചിരിക്കാൻ മറക്കാതെയിരിക്കാൻ കഴിഞ്ഞെങ്കിൽ (ആസ്സാം പണിക്കർ)

ഭക്ഷണവും വസ്ത്രവുമില്ലെങ്കിലും അയൽപക്കത്തെ സ്ത്രീകൾ തിരുവാതിരപ്പാട്ട് പാടാൻ മടിക്കുന്നില്ല. രണ്ടാംലോകമഹായുദ്ധത്തിന്റെ അന്തരീക്ഷത്തിലാണിതെന്നും കവി സൂചിപ്പിക്കുന്നു. യുദ്ധവിമാനങ്ങൾ വേട്ടപ്പക്ഷിപോലെ പറക്കുകയാണ്. സംഹാരത്തിന്റെ ഈ അടയാളങ്ങളൊക്കെ ദുഃസ്വപ്നം പോലെ മാഞ്ഞുപോകുമെന്നും തിളങ്ങുന്ന തിരുവാതിര നക്ഷത്രം എന്നും ജ്വലിച്ചു നിൽക്കുന്നുമെന്നും കവി പറയുന്നു. മാവുകൾ പൂക്കുകയും മനുഷ്യൻ സ്നേഹിക്കുകയും ചെയ്യും. ആത്മഹത്യക്കും വധശിക്ഷക്കും ഉപകരണമാക്കാൻ കഴിയുന്ന കയറുകൊണ്ട് ഊഞ്ഞാലുണ്ടാക്കാൻ പറ്റിയാൽ അതാണ് ജയം. സംഹാരത്തിനുതകുന്ന വസ്തുക്കളെ എങ്ങനെ സൃഷ്ടിക്കുള്ള ഉപകരണമാക്കാം എന്ന പ്രത്യാശാഭരിതമായ ചിന്തയാണിത്.

മറ്റു സ്ത്രീകൾ പാടും പോലെ കൈകൊട്ടിക്കളിപ്പാട്ട് പാടാൻ നായകൻ ആവശ്യപ്പെടുന്നു. കണ്ഠനാളത്തെ സ്വർണ്ണക്കമ്പിയാക്കി അവളത് പാടുന്നു. വീണ

പോലെയോ തംബുരുപോലെയോ ഗാന മുണരുന്ന ഒന്നായി ഇവിടെ കണ്ഠനാളം മാറുന്നു. ഭാര്യ ഊഞ്ഞാലിലാടുമ്പോൾ ഭർത്താവിന്റെ കരൾ പാട്ടിന്റെ ഊഞ്ഞാൽ വള്ളിയിലാടുന്നു.

യൗവനകാലത്തെ ഓർമ്മകളിൽ നിന്ന് പുരാണകഥയുടെ ഓർമ്മകളിലേക്കാണ് തുടർന്ന് അവർ സഞ്ചരിക്കുന്നത്. അതിന് കാരണമാകുന്നതാകട്ടെ 'കല്യാണീ കളവാണീ' എന്ന കൈകൊട്ടിക്കളിപ്പാട്ട്. മച്ചാട്ടിളയതിന്റെ പ്രശസ്ത മായ ഈ പാട്ട് ദുഷ്യന്ത-ശകുന്തളമാരുടെ കഥപറയുന്നതാണ്:

"ഓടും മൃഗങ്ങളെ തേടീ നരപതി
കാടകം പുക്കൊരുനേരത്തിങ്കൽ
പേടിച്ചൊരു മൃഗം ചാടിക്കുതിച്ചോടി
കൂടെ നൃപതിയും കൂടി പിമ്പേ..."
"കല്യാണീ കളവാണീ ചൊല്ലു നീയാരെന്നതും
കല്യേ നീയാരുടയ പുത്രിയെന്നതും
മന്നവാ, ശകുന്തളയെന്നു പേരെനിക്കെടോ
കണ്വമാമുനിയുടെ മകളല്ലോ ഞാൻ"

അതോടെ താൻ ദുഷ്യന്തനും ഭാര്യ ശകുന്തളയും ആകുന്ന മനോഹര ഭൂതകാലത്തിലേക്ക് നായകൻ സഞ്ചരിക്കുന്നു. മുറ്റം മാലിനീ നദീതടമാകുന്നു. താരങ്ങൾ നിറഞ്ഞ ആകാശം വനജ്യോത്സ്ന പൂത്തുനിൽക്കുന്ന ഇടമാകുന്നു. നിലാവിലെ മരങ്ങളുടെ നിഴൽ ദീർഘാംപാംഗൻ എന്ന പുള്ളിമാനായി മാറുന്നു.

വാർദ്ധക്യം യൗവനമാകുന്നതോടെ നാശം സൃഷ്ടിയാകുന്നു. അതിനാൽ പാട്ട് പാടിക്കൊണ്ടിരിക്കുക. തിരുവാതിര യാത്രപറയുകയും വർത്തമാനത്തിന്റെ ശുഭരാത്രിയിൽ നിന്ന് ഭാവിയുടെ നാളെയിലെത്തുകയും ചെയ്യുമ്പോൾ വീണ്ടും വിരസമായ ജോലി ഭാരം ചുമലിൽ വരും. രാത്രിയിലെ കാര്യമോർത്ത് അപ്പോൾ ലജ്ജ തോന്നിയേക്കാം. പകൽ മുഴുവൻ ജോലി ചെയ്യുകയും രാത്രിയിൽ ഉറങ്ങുകയും ചെയ്യുന്ന ദീർഘജീവിതത്തിൽ ഒരു തിരുവാതിരയിൽ മാത്രമാണ് നാം ഉറങ്ങാതിരുന്ന് സന്തോഷിക്കുന്നത്. മനുഷ്യായുസ്സിലെ മുന്തിയ സന്ദർഭമോ മഹത്തായ മാത്രകളോ ആണ് അവ. മുന്തിയ സന്ദർഭങ്ങളെ സംബന്ധിച്ച് അന്വേഷണങ്ങളോ വിശകലനങ്ങളോ നിർവചനങ്ങളോ ആണ് വൈലോപ്പിള്ളിക്കവിതകൾ (വൈലോപ്പിള്ളി ശ്രീധരമേനോൻ/ ഡോ.എസ്.രാജശേഖരൻ).

ഇല്ല നമുക്കായൊരു സന്ധ്യ, രാപ്പാതി-
യല്ലാതെ മറ്റൊന്നുമിന്നിരിക്കിലും
വിസ്മയം പോലെ ലഭിക്കും നിമിഷത്തി
നർത്ഥം കൊടുത്തുപൊലിപ്പിച്ചെടുക്ക നാം

എന്ന് കടമ്മനിട്ട രാമകൃഷ്ണൻ എഴുതുന്നുണ്ടല്ലോ.

ഒരുതരം ആഖ്യാനം (നാടകീയ സ്വഗതാഖ്യാനം) തന്നെയായതിനാൽ ഏതൊരാഖ്യാനത്തിന്റെയും അവശ്യഘടകങ്ങളായ സ്ഥലവും കാലവും ഇതിൽ പ്രധാനമായി വരുന്നു. തിരുവാതിരക്കാലവും രണ്ടാം ലോകമഹായുദ്ധവും മാത്രമല്ല വർത്തമാനകാലവും 30 വർഷം മുമ്പത്തെ ഭൂതകാലവും ശാകുന്തളത്തിലെ പുരാണകാലവും ഇതിൽ സമന്വയിക്കുന്നു. ഭൂതകാ

ലവും വർത്തമാനകാലവും ഇരുചില്ലകളാവുന്നു. അതിലാണ് കവിതയുടെ ഊഞ്ഞാൽ കെട്ടുന്നത്. കാലത്തിന്റെ വരുദ്ധ ദിശകൾക്കു തന്നെ പരസ്പരം ബന്ധമോ പരസ്പര പൂരകത്വമോ ഉണ്ടെന്നും ഒരു കാലത്തിൽ എല്ലാ കാലങ്ങളും അങ്കുരാവസ്ഥയിൽ കുടികൊള്ളുന്നുണ്ടെന്നും ഒരു മനുഷ്യാവസ്ഥ മറ്റ് അവസ്ഥകളുടെ അനുബന്ധമോ പൂരണമോ ആണെന്നും ഈ കാലദർശനം വെളിവാക്കുന്നു.

### പ്രതികരണക്കുറിപ്പ്

ഞങ്ങളൽപൻമാർ
കാലമഴയേറ്റൊരേ കാക്കി-
മങ്ങലായ് ഞങ്ങൾക്കുള്ള
ജീവിതക്കുപ്പായങ്ങൾ

(എൻ.വി.കൃഷ്ണവാര്യർ)

- കാലം കഴിയുമ്പോൾ ജീവിതക്കുപ്പായത്തിന്റെ നിറം മങ്ങുന്നതായി കവി പറഞ്ഞിട്ടുണ്ട്.
- 'ഊഞ്ഞാലിൽ' എന്ന കവിതയിലെ നായികാനായകന്മാരുടെ ദാമ്പത്യത്തിനും ഇതുതന്നെയാണോ സംഭവിക്കുന്നത്? വിരസമാകാനിടയുള്ള വാർദ്ധക്യത്തെ എങ്ങനെയാണ് അവർ മറികടക്കുന്നത്? കുട്ടികൾ പ്രതികരിക്കട്ടെ.
- യൗവനകാലത്തിന്റെ ഓർമ്മകൾ കൊണ്ട് വാർദ്ധക്യത്തിലെ വിരസതയെ മറികടക്കുന്നു.
- പണ്ടത്തെപ്പോലെ പാടുകയും ആടുകയും (ഊഞ്ഞാലിൽ) ചെയ്ത് ജീവിതം അർത്ഥമുള്ളതാക്കുന്നു.
- വാർദ്ധക്യത്തിലും ദുഷ്യന്തനും ശകുന്തളയുമായിത്തീരാൻ ശ്രമിക്കുകയാണവർ.

പാഠവിശകലനത്തിൽ പറയുന്ന ആശയങ്ങൾ കൂടി പ്രയോജനപ്പെടുത്തി പ്രതികരണക്കുറിപ്പ് തയ്യാറാക്കുന്നതിലേക്ക് കുട്ടികളെ നയിക്കാം.

### താരതമ്യം ചെയ്യുക

'ഊഞ്ഞാലിൽ' എന്ന കവിതയ്ക്ക് നേർവിപരീതമാണ് 'കണ്ണീർപ്പാട'ത്തിലെ ദാമ്പത്യത്തിന്റെ നില. ദമ്പതികൾ തമ്മിലുള്ള പൊരുത്തക്കേടാണ് ഇതിൽ നിറഞ്ഞുനിൽക്കുന്നത്. ശീതസമരത്തിൽ ഏർപ്പെടുന്ന അവർക്ക് മുറിച്ചു കടക്കാനാവാത്ത കണ്ണീർപ്പാടമായി ജീവിതം അനുഭവപ്പെടുന്നു.

നാടൻമാർക്കത്രേ ഗൃഹ-
ഛിദ്രത്തിൽ വാഗാടോപം
നാഗരികർക്കോ മൂക-
ശീതസംഗരം മാത്രം

നിയമം നിറവേറ്റ
ലെത്രയീദാമ്പത്യത്തിൽ

നയമെത്രയാണഭിനയ
മെത്രയാണെന്നോ

കുഴിച്ചു കുഴിച്ചു നാ-
മനിഷ്ട സ്മൃതികൾ ത-
ന്നഴുക്കു പരതിച്ചെ-

ന്നെത്തുന്നൂ നരകത്തിൽ
നിർദ്ദയ ലോകത്തിൽ നാ-
മിരുപേരൊറ്റപ്പെട്ടോർ
അത്രയുമല്ല തമ്മിൽ
തമ്മിലുമൊറ്റപ്പെട്ടോർ

'കണ്ണീർപ്പാടത്തിലെ' പ്രമേയം അധ്യാപിക ചുരുക്കി വിവരിക്കുന്നു.

- ദാമ്പത്യം ആരെയോ ബോധിപ്പിക്കാനുള്ള ചടങ്ങാവുന്നു.
- അഭിനയപ്രധാനമാവുന്നു.
- ദമ്പതികൾ ഒന്നിച്ച് ജീവിക്കുമ്പോഴും ഒറ്റപ്പെട്ടോർ.
- പക്ഷേ, 'കണ്ണീർപ്പാട'ത്തിലും അവസാനം ഒന്നിച്ച് മുന്നേറാനുള്ള, മുന്തിയ അനുഭവങ്ങൾ ഉണ്ടാക്കിയെടുക്കാനുള്ള മാർഗ്ഗം ദമ്പതികൾ കണ്ടെത്തുന്നുണ്ട്.
- അയൽപക്കത്തെ പാവപ്പെട്ട സ്ത്രീകളുടെ പാട്ടാണ് 'ഊഞ്ഞാലിലെ' ദമ്പതികളെ യൗവനാനുരാഗത്തിലേക്ക് തിരിച്ചുകൊണ്ടുപോകുന്നതെങ്കിൽ ഗ്രാമീണമിഥുനങ്ങളാണ് കൈകോർത്തു പിടിച്ച് തോടു കടക്കാനുള്ള മാതൃക കാട്ടുന്നത്.
- കലഹിക്കുന്നതിനു പകരം ഒന്നിച്ചു കൈപിടിച്ച് നീങ്ങിയാൽ ജീവിതത്തിന്റെ വിഷമപദപ്രശ്നം എളുപ്പം പരിഹരിക്കാമെന്ന ദർശനത്തിൽ 'കണ്ണീർപ്പാട'വും എത്തുന്നു.
- 'ഊഞ്ഞാലിൽ' എന്ന കവിതയിലെ ദാമ്പത്യത്തെ 'കണ്ണീർപ്പാട'ത്തിലെ ദാമ്പത്യവുമായി സാദൃശ്യപ്പെടുത്താമോ എന്ന ചോദ്യം ഉന്നയിക്കുന്നു.

താരതമ്യക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടാം.

### അർത്ഥതലങ്ങൾ

ഒരേമാനത്ത് പ്രത്യക്ഷപ്പെടുന്ന വിമാനവും തിരുവാതിര നക്ഷത്രവും ഏതെല്ലാം അർത്ഥസാധ്യതകളാണ് നൽകുന്നത്?

- തിരുവാതിര നക്ഷത്രം സ്നേഹത്തിന്റെയും പ്രത്യാശയുടെയും അടയാളമാണ്.
- യുദ്ധവിമാനം വിനാശത്തിന്റെ ചിഹ്നം.
- പക്ഷേ, വിനാശമല്ല സൃഷ്ടിയുടെ സ്നേഹമാണ് അന്തിമമായി നിലനിൽക്കുക.
- യുദ്ധവിമാനം പോയ്മറയും, തിരുവാതിര ബാക്കിയാകും.
- തിരുവാതിരപ്പാട്ടുകൾ പിന്നെയും ഉയരും
  - കൊലക്കുടുക്കാകാൻ പോന്ന കയർ ഊഞ്ഞാലാക്കി മനുഷ്യർ അതിലിരുന്നാടും.
  - കാലത്തെയും മരണത്തെയും മനുഷ്യർ സ്നേഹത്തിലൂടെ ജയിക്കും.
- കൊലക്കുടുക്കാവുന്ന കയറിനെ ഊഞ്ഞാലാക്കിത്തീർക്കാൻ കഴിയും എന്ന ദർശനത്തിന്റെ പ്രസക്തി.

ചർച്ചയിലൂടെ ആശയങ്ങളിലെത്തിച്ചേർന്ന ശേഷം കുറിപ്പ് തയാറാക്കാം.

വരാവുന്ന പ്രധാനാശയങ്ങൾ

- ഏത് വസ്തുവിനും രണ്ട് ഉപയോഗങ്ങളുണ്ട്. സൃഷ്ടിക്കലും നശിപ്പിക്കലും
- കയർകൊണ്ട് ഊഞ്ഞാൽ കെട്ടിയാടാം, തൂങ്ങിമരിക്കാം.
- ആണവശക്തികൊണ്ട് അണുബോംബുണ്ടാക്കാം, വൈദ്യുതിയുണ്ടാക്കാം.

### വിശകലനം

- വസന്തവായുവിൽ വസൂരിരോഗാണുക്കളെയും പുള്ളിമാനിനു പുറകെ പുള്ളിപ്പുലിയേയും കാണുന്ന ദർശനമാണ് തന്റേത് എന്ന വൈലോപ്പിള്ളിയുടെ വാക്കുകൾ സൂചിപ്പിക്കുന്നതെന്ത് എന്ന ചോദ്യം അധ്യാപിക ഉന്നയിക്കുന്നു. വൈലോപ്പിള്ളിയുടെ കാവ്യദർശനത്തെക്കുറിച്ചുള്ള സൂചനകൾ കുട്ടികൾക്ക് നൽകാവുന്നതാണ്.

- പനിനീർപ്പൂവേ നിന്നെ ഞാൻ വെറുക്കുന്നു. നിൻ മുനകൂർത്തൊരാമുള്ളിൻ കള്ളിയിന്നറിഞ്ഞു ഞാൻ.
- ജീവിതപുഷ്പത്തിന്റെ സൗരഭ്യമത്രേ ദു:ഖം.
- ധീരം വായ്ക്കുന്നു കണ്ണുനീർക്കുത്തിൽ നേരം പോക്കിന്റെ വെള്ളിമീൻ ചാട്ടം
- ഈ വരികളിലെ ദർശനവുമായി കൊലക്കുടുക്കാക്കാവുന്ന കയറിനെ ഊഞ്ഞാലാക്കുക എന്ന സങ്കല്പത്തിന് ബന്ധമുണ്ടോ?

- കുട്ടികൾ പരിശോധിക്കട്ടെ. സമാനമായവ അവർ കണ്ടെത്തട്ടെ.

## അനർഘനിമിഷം

### പാഠാപഗ്രഥനം

ലാളിത്യവും നന്മയും നർമ്മവും നിറഞ്ഞുനിന്ന ഒട്ടേറെ രചനകൾ കൊണ്ട് മലയാളിയുടെ ചിന്തകളെ തരളിതമാക്കിയ വ്യക്തിയാണ് വൈക്കം മുഹമ്മദ് ബഷീർ. ജീവിതാനുഭവങ്ങളുടെ ആഴവും അപാരമായ കാരുണ്യത്തിന്റെ നനവും അദ്ദേഹത്തിന്റെ രചനകളെ മലയാളിക്കു പ്രിയപ്പെട്ടതാക്കി. പുതിയൊരു ഭാഷയും ആഖ്യാന ശൈലിയുംകൊണ്ട് ഇതര എഴുത്തുകാരിൽ നിന്ന് അദ്ദേഹം വേറിട്ടു നിന്നു.

സത്യസന്ധമായ അനുഭവാവിഷ്കാരവും സങ്കീർണ്ണതകളില്ലാത്ത ആഖ്യാനശൈലിയും പ്രസാദപൂർണ്ണമായ നർമ്മരസികതയും ബഷീർ കൃതികളുടെ മുഖമുദ്രകളായി നാം തിരിച്ചറിഞ്ഞിട്ടുണ്ട്. ബഷീർ മലയാളിയുടെ ഏറ്റവും പ്രിയപ്പെട്ട എഴുത്തുകാരനായി മാറാനുണ്ടായ കാരണം ഇതായിരിക്കാം. എന്നാൽ പരക്കെ വാഴ്ത്തപ്പെട്ട ഈ ഗുണവിശേഷങ്ങൾക്കപ്പുറത്ത്, ഒരു അവധൂതനെപ്പോലെ ജീവിതത്തിന്റെ അജ്ഞാതവും അനന്തവുമായ രഹസ്യങ്ങളിലേക്ക് നോട്ടമയക്കാൻ ശ്രമിച്ച ഒരു ദാർശനിക മനസ്സ് ബഷീറിനുണ്ടായിരുന്നു. അതുകൊണ്ടാണ് 'ബാല്യകാലസഖി'യും 'പാത്തുമ്മയുടെ ആടും' 'അനർഘനിമിഷ'വും എഴുതിയ ബഷീർ ഒരാളല്ല എന്ന് എം. എൻ. വിജയൻ പറഞ്ഞത്.(മരുഭൂമികൾ പൂക്കുമ്പോൾ)

ജീവിതത്തെ തത്ത്വചിന്താപരമായ നിർമമതയോടെ വീക്ഷിക്കാൻ കഴിഞ്ഞ ഒരു സൂഫിഹൃദയം ബഷീറിനുണ്ടായിരുന്നു. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ ചിരി ഒരു സന്ന്യാസിയുടെ ചിരിയായിരുന്നു. ഭൗതികലോകത്തിന്റെ സുഖഭോഗങ്ങളിൽ അഭിരമിക്കുമ്പോഴും അജ്ഞേയമായ അപരലോകത്തെക്കുറിച്ചുള്ള വിചാരങ്ങൾ ബഷീറിലെ തത്ത്വചിന്തകനെ പിന്തുടർന്നിരുന്നു. 'ഹുത്തിനി ഹാലിട്ട ലിത്താപ്പോ' എന്ന അർത്ഥരഹിതമായ പ്രയോഗത്തിലൂടെ നിറഞ്ഞു ചിരിക്കുമ്പോഴും 'വെളിച്ചത്തിന് എന്തൊരു വെളിച്ചം' എന്ന് ദാർശനികമാനങ്ങളുള്ള

വാചകങ്ങളെഴുതുവാൻ ബഷീറിനു സാധിച്ചു. 'ഇമ്മിണി ബല്യ ഒന്ന്' എന്ന പ്രയോഗത്തിന്റെ പ്രത്യക്ഷമായ നർമ്മത്തിനപ്പുറത്ത് സൂചിതമാകുന്ന അദ്വൈതബോധം നാം തിരിച്ചറിയേണ്ടതാണ്.

ബഷീർ കൃതികളുടെ മുഖ്യസ്വഭാവങ്ങളിൽ നിന്ന് വ്യത്യസ്തമായ രചനയാണ് 'അനർഘ നിമിഷം'. പതിവ് കഥാഖ്യാനശൈലി വിട്ട് കവിതയോടടുത്ത് നിൽക്കുന്ന രൂപമാണ് ബഷീർ സ്വീകരിച്ചിരിക്കുന്നത്. പ്രമേയത്തിനനുയോജ്യമായ ഭാഷയും രൂപവും ഇവിടെ സമഞ്ജസമായി മേളിക്കുന്നു. വാക്കുകളുടെ സൂക്ഷ്മമായ തെരഞ്ഞെടുപ്പും ഹ്രസ്വമായ വാക്കുകളും വാക്യങ്ങളും സവിശേഷ സന്ദർഭങ്ങളിൽ അവയ്ക്കു വന്നു ചേരുന്ന ഭാവഗൗരവവും പുതിയ ചിന്തകളിലേക്ക് വായനക്കാരനെ നയിക്കുന്നു. ഗദ്യകവിതകൾ വ്യാപകമായിട്ടില്ലാത്ത കാലത്ത് ഗദ്യഭാഷയുടെ കാവ്യാത്മകത അനുഭവിപ്പിക്കുവാൻ ബഷീറിനു സാധിച്ചു. ഭാവരൂപങ്ങളുടെ വിസ്മയകരമായ മേളനം ചെറുകഥയുടെ രൂപത്തെ സംബന്ധിച്ച പരമ്പരാഗതമായ ധാരണകളെ മാറ്റിമറിക്കുന്നുണ്ട്. ആസ്വാദനത്തിന്റെ പ്രാഥമികതലം വിട്ട്, രചനയുടെ അന്തർധ്വനികളിലേക്ക് നയിക്കുന്ന രചനാകൗശലമാണ് കഥാകാരൻ അവലംബിക്കുന്നത്. വാക്കുകളിലടങ്ങിയിരിക്കുന്ന ദാർശനികമാനങ്ങൾ അന്വേഷിക്കാൻ പ്രേരിപ്പിക്കുന്നതാണ് ഈ രചനാരീതി.

ആഖ്യാനം, ഭാഷ, ദർശനം, തുടങ്ങിയവയിലെല്ലാം വേറിട്ടുനിൽക്കുന്ന രചനയാണ് 'അനർഘ നിമിഷം' കഥയുടെയും കവിതയുടെയും അതിരുകൾ മായ്ച്ചുകളയുന്ന രചന. മരണത്തെ മുഖാമുഖം കാണുന്ന ഒരു വ്യക്തിയുടെ അവസാനത്തെ പിടച്ചിൽ ഈ കഥയിൽ അനുഭവിക്കാം. അനന്തമായ ശൂന്യതയിൽ ലയിക്കാൻ പോകുന്ന ജീവബിന്ദുവിന്റെ ചിന്തകളാണിവ. എം.എൻ. വിജയൻ എഴുതുന്നു: "ഈ ലോകവും മനുഷ്യനും തമ്മിലുള്ള ബന്ധം, അപാരതയും മനുഷ്യനും തമ്മിലുള്ള ബന്ധം - ഇതു രണ്ടും ബഷീറിന്റെ കൃതികളുടെ മുഖമുദ്രയാണ്.എന്റെ കാലടിപ്പാടുകൾ ആരാണ് മായ്ച്ചുകളയുന്നത് എന്നാണ് ബഷീർ എപ്പോഴും ചോദിക്കുന്നത്. ഇത് അനശ്വരതയുടെ പ്രശ്നമാണ്. മരണവുമായുള്ള സംവാദമാണ് ഏറ്റവും വലിയ ദാർശനിക പ്രശ്നം. മരണഭയത്തിൽ നിന്നാണ് 'കഠോപനിഷത്തും' 'അനർഘ നിമിഷവും' പിറന്നു വീഴുന്നത്?

ജനനത്തിന്റെയും മരണത്തിന്റെയും ഇടയിലുള്ള അനർഘ നിമിഷമാണ് ജീവിതം. അനന്തമായ ശൂന്യതയാകുന്നു മരണം. മരണത്തോടെ ഈ ലോകം ഇല്ലാതാകുന്നില്ല. എന്നാൽ മരിക്കുന്നയാളെ സംബന്ധിച്ചിടത്തോളം എല്ലാം ശൂന്യതയിൽ ലയിക്കുകയാണ്. ഇതിനെക്കുറിച്ചുള്ള വിചാരങ്ങൾ ഭയാനകമായ മാനസികാവസ്ഥയിലേക്ക് കഥയിലെ നായകനെ നയിക്കുന്നു. അനശ്വരതയെ പുൽകാനുള്ള യാത്രയാണ് മനുഷ്യന്റെ ജീവിതം. എന്നാൽ ജീവിതമാകട്ടെ നശ്വരവും. ജനന മരണങ്ങളെ ആത്മീയമായ ഒരു തലത്തിൽ വെച്ചു പരിശോധിക്കുകയാണ് കഥാകാരൻ. ടാഗോറും ജി. ശങ്കരക്കുറുപ്പും ഇത്തരം മിസ്റ്റിക് അനുഭൂതികളെ കവിതകളിൽ ആവിഷ്കരിച്ചിട്ടുണ്ട്. മരണത്തിന്റെ ഇരുണ്ട ഗുഹാമുഖം ദർശിക്കുന്ന മനുഷ്യന്റെ അവാച്യമായ മാനസിക വിഭ്രമമാണ് 'അനർഘ നിമിഷ'ത്തിൽ പ്രതിപാദിക്കുന്നത്. കഥാനാ

യകന്റെ സ്വഗതാഖ്യാനമാണ് ഈ കഥ. നീ എന്ന വ്യക്തിയെ/അവസ്ഥയെ/സങ്കല്പത്തെയാണ് നായകൻ അഭിസംബോധന ചെയ്യുന്നത്. നീ വസ്തുപ്രപഞ്ചമോ, പ്രകൃതിയോ, ദൈവമോ, മറ്റാരെങ്കിലുമോ ആവാം. പ്രപഞ്ചമെന്നത് ഒരു കൂടുമാത്രമാണെന്നും മനുഷ്യൻ ആ കൂട്ടിലെ താൽക്കാലിക താമസക്കാരനാണെന്നും സങ്കല്പമുണ്ട്. മരണമെന്നത് ആ കൂടുവെടിയലാണ്. മരണത്തിനു ശേഷം ഒരു പരലോകജീവിതമുണ്ട് എന്നും ചില വിശ്വാസങ്ങളുണ്ട്. അത്തരം സൂചനകളൊന്നും ഈ കഥ നൽകുന്നില്ല. മരണഭയം നൽകുന്ന കടുത്ത ഏകാകിതയും ശൂന്യതാബോധവും കഥയിൽ നിഴൽ വീശുന്നു. എന്നാൽ ജീവിതമെന്ന അനർഘ നിമിഷത്തെ മാനിക്കുന്നുമുണ്ട് നായകൻ. വാക്കുകൾക്കും അർത്ഥങ്ങൾക്കുമപ്പുറം സാഹിത്യരചനകൾ സമ്മാനിക്കുന്ന സൗന്ദര്യാനുഭൂതി എത്രമാത്രം വിസ്മയകരമാണെന്ന് 'അനർഘ നിമിഷം' സാക്ഷ്യപ്പെടുത്തുന്നു.

### താരതമ്യം ചെയ്യുക

'സന്ദർശനം' 'അനർഘ നിമിഷം' എന്നീ രചനകൾ കുട്ടികൾ പഠിച്ചു കഴിഞ്ഞല്ലോ, ഇവയിൽ ആവിഷ്കരിച്ചിരിക്കുന്ന ഭാവങ്ങൾക്ക് എന്തെങ്കിലും സമാനതയുള്ളതായി തോന്നിയിട്ടുണ്ടോ എന്ന ചോദ്യം ഉന്നയിക്കാം. കുട്ടികൾ പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്താം.

- വിട പറയുന്നതിന്റെ വേദന രണ്ടു രചനകളിലും ആവിഷ്കരിച്ചിരിക്കുന്നു.
- ദു:ഖം മുഖ്യഭാവമായി കടന്നു വരുന്നു.
- സ്വഗതാഖ്യാന രൂപത്തിലുള്ള ആവിഷ്ക്കാരം
- 
- 

കൂടുതൽ ഉദാഹരണങ്ങൾ ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു വന്നശേഷം കുറിപ്പായെഴുതാൻ ആവശ്യപ്പെടാം.

### വിശകലനം

'വാക്കുകളുടെ നൃത്തഭംഗി' എന്ന പ്രമേയത്തിന്റെ അർത്ഥം കുട്ടികൾ മനസ്സിലാക്കിയിട്ടുണ്ട്. കവിതയിൽ മാത്രമാണോ ഇത് കാണാൻ സാധിക്കുന്നത്? കാവ്യാത്മകമായ ദൃശ്യം 'അനർഘ നിമിഷ'ത്തെ കവിതയോടടുപ്പിക്കുന്നതായി തോന്നുന്നുണ്ടോ അധ്യാപിക കുട്ടികളുടെ അഭിപ്രായങ്ങൾ തേടട്ടെ? 'അനർഘ നിമിഷ'ത്തിലെ ഗദ്യഭാഷയുടെ എന്തെല്ലാം സവിശേഷതകളാണ് നിങ്ങൾ നിരീക്ഷിച്ചിട്ടുള്ളത് എന്ന ചോദ്യമുന്നയിക്കണം.

- ധ്വനിസാന്ദ്രമായ പദങ്ങൾ
- തെരഞ്ഞെടുത്ത പദങ്ങളുടെ മനോഹരമായ വിന്യാസം
- അലങ്കാര കല്പനകൾ

കൂടുതൽ പ്രത്യേകതകൾ കുട്ടികൾ കണ്ടെത്തട്ടെ. കണ്ടെത്തൽ കുറിപ്പായി എഴുതാം.

### അർത്ഥതലങ്ങൾ

കരളെരിഞ്ഞാലും തലപുകഞ്ഞാലും
ചിരിക്കണമതേ വിദൂഷക ധർമ്മം

എന്ന സഞ്ജയന്റെ വരികൾ കുട്ടികളെ പരിചയപ്പെടുത്താം. വരികളുടെ അർത്ഥ സൂചനകൾ വിശകലനം ചെയ്ത് പറയാൻ കുട്ടികളോട് ആവശ്യപ്പെടാം. കണ്ടെത്തലുകളെ മനുഷ്യജീവിതവുമായി ബന്ധിപ്പിക്കുവാൻ കഴിയുമോ? അഭിപ്രായങ്ങൾ രേഖപ്പെടുത്തുക.

- അകമേ കരയുന്നുവെങ്കിലും പുറത്ത് ചിരിപ്രകടിപ്പിക്കുന്നു.
- ആഹ്ളാദവാൻമാരായി കാണുന്നവരുടെ ഉള്ളിലും കടുത്ത ദുഖങ്ങളുണ്ടാവാം.
- ദുഖം ഒളിപ്പിക്കാൻ ശ്രമിക്കുന്നവരാണ് കൂടുതൽ.

'മൗനരോദനത്തിന്റെ മന്ദഹാസം' എന്ന ബഷീറിനെക്കുറിച്ചുള്ള എൻ.പി. മുഹമ്മദിന്റെ വിശേഷണവും 'ചിരിക്കകത്തുള്ള ദുഖത്തിന്റെ മുഴക്കം' എന്ന ബഷീറിന്റെ പ്രയോഗവും താരതമ്യം ചെയ്ത് കുട്ടികളുടെ കണ്ടെത്തലും കൂടി ഉൾപ്പെടുത്തി ഇവയുടെ ദാർശനികതലം വിശകലനം ചെയ്ത് ഉപന്യാസം രചിക്കാൻ ആവശ്യപ്പെടാം.

### അപഗ്രഥനം

ഒ. എൻ. വി. കുറുപ്പിന്റെ 'ഭൂമിക്കൊരു ചരമഗീത' ത്തിലെ വരികൾ പരിചയപ്പെടുത്താം.

ചിറകുകളിൽ സംഗീതമുള്ള
കളഹംസമേ
അരിയ നിൻചിറകിന്റെ
തൂവലിൻ തുമ്പി-
ലൊരു മാത്രയെങ്കിലൊരുമാത്രയെൻ
വാഴ്വെന്ന മധുരമാം സത്യം ജ്വലിപ്പൂ'

ജീവിതം എന്ന മധുരമായ സത്യം ഒരു മാത്രയോളമേ അവശേഷിക്കൂ. എങ്കിലും അത് അമൂല്യമാണ്, ജ്വലിച്ചു നിൽക്കുന്നതുമാണ്. ചങ്ങമ്പുഴയുടെ വരികളും കുട്ടികളെ പരിചയപ്പെടുത്താം.

'എന്താണിവിടെ ജീവിതം
സുന്ദരമായ വളകിലുക്കം
സംഗീതതുന്ദിലം നൈമിഷികോ
ജ്ജ്വലം
പിന്നെയൊ ശൂന്യം പരമശൂന്യം

ശൂന്യതയിൽ വിലയിക്കുന്നുവെങ്കിലും സംഗീതസാന്ദ്രവും നൈമിഷോജ്ജ്വലവുമായ ജീവിതത്തെ ഉദാത്തീകരിക്കുകയാണ് കവി.

– 'മുന്തിയ സന്ദർഭങ്ങൾ' എന്ന വൈലോപ്പിള്ളിയുടെ പ്രയോഗവും 'അനർഘ നിമിഷം' എന്ന ബഷീറിന്റെ സങ്കല്പവും മേൽക്കൊടുത്ത വരികളിലെ ആശയവുമായി ചേർച്ച പുലർത്തുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം സൂചനകളാണ് ലഭിക്കുന്നത്? കുട്ടികൾ പറയട്ടെ.

- ജീവിതം നമുക്ക് ലഭിക്കുന്ന അപൂർവ്വവും ഉജ്ജ്വലവും എന്നാൽ ഹ്രസ്വവുമായ വരദാനമാണ്.
- ജീവിതത്തിലെ ആഹ്ളാദങ്ങൾ അല്പായുസ്സുകളാണ്.
- സുദീർഘമായ മർത്ത്യായുസ്സിൽ ദുഖം നീണ്ടുനിൽക്കുന്നതും സന്തോഷ നിമിഷങ്ങൾ ഹ്രസ്വവുമാണ്.

ചർച്ചയുടെ വെളിച്ചത്തിൽ നിരീക്ഷണങ്ങൾ ക്രോഡീകരിച്ച് ഉപന്യാസരചന നടത്താൻ ആവശ്യപ്പെടാം.

## ലാത്തിയും വെടിയുണ്ടയും

ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശവും സ്വാതന്ത്ര്യസമരാവേശവും അലതല്ലുന്ന കാലം. ബ്രിട്ടീഷ് മേൽക്കോയ്മ പോലീസിന്റെ തേർവാഴ്ചയിൽ കൂടി പുലർന്നുപോരുന്ന സന്ദർഭം. ലോകമഹായുദ്ധത്തിന്റെ ഭീകരാന്തരീക്ഷം. പട്ടിണി, തൊഴിലില്ലായ്മ, അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നിറഞ്ഞ സമുദായക്രമം. ഈ സാഹചര്യങ്ങളിലാണ് ലളിതാംബിക അന്തർജ്ജനത്തിന്റെ കഥകളുടെയും നോവലിന്റെയും വേരുകൾ. തികഞ്ഞ ലക്ഷ്യബോധത്തോടെയാണ് അവർ എഴുതിയിരുന്നത്. നമ്പുതിരി സമുദായത്തിലെ ദുരാചാരങ്ങളെയും അന്ധവിശ്വാസജീർണ്ണതകളെയും വിമർശിക്കുകയും പരിഷ്ക്കരണങ്ങൾക്ക് പ്രേരണ നല്കുകയും അന്തർജനത്തിന്റെ ലക്ഷ്യമായിരുന്നു. മുത്തിരിങ്ങോട്ടിന്റെയും വി.ടി.ഭട്ടതിരിപ്പാടിന്റെയും കഥകൾ സ്വന്തം സമുദായത്തിനുള്ളിൽ തന്നെ നില്ക്കുന്ന മൂർച്ചയുള്ള ആയുധങ്ങളായിരുന്നു. നവോത്ഥാന യുഗത്തിന്റെ പ്രതിനിധിയായ അന്തർജ്ജനം സാമൂഹ്യജീവിതത്തെപ്പറ്റിയുള്ള നിശ്ചിതമായ ബോധത്തോടൊപ്പം മനുഷ്യമനസ്സിന്റെ നിഗൂഢതകളെക്കുറിച്ചും വ്യക്തമായ ധാരണകൾ പുലർത്തിയിരുന്നു. സ്വസമുദായത്തിൽ തന്നെ ഒതുങ്ങി നില്ക്കാൻ അന്തർജ്ജനം ശ്രമിച്ചിരുന്നില്ല. പ്രമേയസ്വീകരണത്തിലും അവതരണശൈലിയിലും വ്യത്യസ്തത പുലർത്തിയ മാണിക്കൻ, പ്രസാദം, മനുഷ്യപുത്രി, അമ്മ, കുറ്റസമ്മതം തുടങ്ങിയ കഥകളും അഗ്നിസാക്ഷി എന്ന നോവലും ലളിതാംബിക അന്തർജ്ജനം എന്ന എഴുത്തുകാരിയുടെ മികവ് സാക്ഷ്യപ്പെടുത്തുന്നവയാണ്.

ആത്മകഥാപരമെന്ന് വിശേഷിപ്പിക്കപ്പെട്ട 'പ്രസാദം' എന്ന കഥയിൽ സാമുദായിക പരിഷ്കരണ വേദിയിലുള്ള ഒരു യുവതിയുടെ പ്രസംഗമുണ്ട്. "യുവരക്തത്തിന്റെ വിജൃംഭിതമായ വീരപ്രവാഹത്തിൽ, മുരടിച്ച എല്ലുകളുടെ ഈ അണ താനേ തകർന്നുകൊള്ളും... പഴമയുടെ പട്ടടക്കുണ്ടിലേക്ക് വിപ്ലവത്തിന്റെ ഈ പന്തം ഇതാ ഞങ്ങൾ വലിച്ചെറിയുന്നു." യാഥാസ്ഥിതികർക്കും അനാചാരങ്ങൾക്കുമെതിരെയുള്ള പോരാട്ടങ്ങൾക്കുശേഷം ആത്മീയ പാതയിലെത്തുകയാണവർ. വർഷങ്ങൾക്കുശേഷം അവർക്കു പറയുവാനുള്ളത് ഇതാണ്: "ഞാൻ സേവിക്കയായിരുന്നു. ഇതുവരെ എന്റെ സമുദായത്തെ, സഹോദരിമാരെ... ഇനി കുറെ നാൾ ഈ സേവയും പ്രസാദവുമാകട്ടെ..." ഈ കഥയിൽ നിന്നാവാം അഗ്നിസാക്ഷി (1976) എന്ന നോവലുണ്ടാകുന്നത്. കേരളീയ നവോത്ഥാന മുന്നേറ്റത്തിൽ സ്ത്രീവ്യക്തിത്വത്തെ അടയാളപ്പെടുത്തുന്ന ശക്തമായ നോവലാണ് അഗ്നിസാക്ഷി. 'സാമൂഹ്യനീതി'ക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങളുടെ ഒരു നീണ്ട കാലയളവിൽ (1850 – 1950). വ്യക്തിനിഷ്ഠസ്വാതന്ത്ര്യവും സാമൂഹ്യപുരോഗതിയും കൈവരിച്ചുവെന്നത് നവോത്ഥാനത്തിന്റെ വിജയമാണ്. 'അഗ്നിസാക്ഷി'യിലെ 12-ാം അധ്യായമാണ് ലാത്തിയും വെടിയുണ്ടയും. 'വിദ്യാഭ്യാസവും സാമൂഹ്യജീവിതവും ശരിയായ കുടുംബജീവിതവുമെല്ലാം ഒരു കാലത്ത് നമ്പൂതിരി സ്ത്രീകൾക്ക് നിഷേധിക്കപ്പെട്ടിരുന്നു. 'അടുക്കളയുടെയും അകത്തളത്തിന്റെയും ഇരുട്ടിൽ കുടുങ്ങിക്കിടക്കുന്ന

അവരെ വെളിച്ചത്തിലേക്കു നയിക്കുന്നതിന് നാന്ദികുറിച്ച വി.ടി. യുടെ അടുക്കളയിൽ നിന്ന് അരങ്ങത്തേക്കിന്റെ നിരയിലാണ് 'അഗ്നിസാക്ഷി'യുടെയും സ്ഥാനം. സ്ത്രീ സാക്ഷരത, മറക്കുടയിൽ നിന്നുള്ള മോചനം, വൃദ്ധന്മാരുടെ ഭാര്യയാകുന്നതിൽ നിന്നുള്ള മോചനം, വിധവാവിവാഹം എന്നിങ്ങനെയുള്ള നടപടികളിലേക്ക് നമ്പൂതിരി സ്ത്രീകളെ നയിക്കുന്നതിനു പിന്നിൽ ദേശീയ പ്രസ്ഥാനത്തിന്റെ വലിയ സ്വാധീനമുണ്ടായിരുന്നു. 1920-1940 കളിൽ കേരളം പൊതുവായും നമ്പൂതിരി സമുദായം വിശേഷിച്ചും അനുഭവിച്ച സംഘർഷങ്ങളാണ് 'അഗ്നിസാക്ഷി'ക്കു രൂപം നൽകിയത്. പാരമ്പര്യനിഷ്ഠമായ ആചാരാനുഷ്ഠാനങ്ങൾ സ്ത്രീവിരുദ്ധവും മനുഷ്യത്വവിരുദ്ധവുമായിത്തീരുന്നത്. എങ്ങനെയെന്നാണ് ഈ കൃതി അന്വേഷിക്കുന്നത്. തേതിക്കുട്ടി, ദേവകി മാനമ്പള്ളി, ദേവീ ബഹൻ എന്നിങ്ങനെ പല പേരുകളിലും നിലകളിലുമെത്തിച്ചേരുന്ന നോവലിലെ നായികയുടെ ജീവിതം സഹനസമരങ്ങളിലൂടെയുള്ള യാത്രയായിരുന്നു. പുരോഗമന ചിന്താഗതിക്കാരനായ സഹോദരനുണ്ടായിട്ടും അന്ധവിശ്വാസം നിറഞ്ഞ പശ്ചാത്തലത്തിലേക്ക് വിവാഹിതയായെത്തിയപ്പോൾ തേതിക്കുണ്ടാകുന്ന അസ്വാസ്ഥ്യങ്ങൾ, ഭർത്താവിന്റെ അവഗണന, സമുദായത്തിന്റെ വിലക്കുകൾ തുടങ്ങിയവ ക്രമേണ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടവീര്യത്തിലേക്ക് ഉയരുകയാണ്. സ്ത്രീശാക്തീകരണത്തിന്റെ ഉദാത്തമാതൃകയായും 'അഗ്നിസാക്ഷി'യെ വിലയിരുത്താം. സ്വാതന്ത്ര്യസമരത്തിന്റെ ആവേശഭരിതമായ ഒരു ഉജ്ജ്വലമുഹൂർത്തമാണ് ലാത്തിയും വെടിയുണ്ടയും. സാമൂഹിക ജീവിതവും വ്യക്തിജീവിതവും തമ്മിലുള്ള സംഘർഷം പാഠഭാഗത്തു നിറഞ്ഞു നിൽക്കുന്നു.

തങ്കം നായരുടെ ഓർമകളാണ് 'ലാത്തിയും വെടിയുണ്ടയും' എന്ന അധ്യായം. തങ്കത്തിന്റെ തേതിയേടത്തി ദേവകി മാനമ്പള്ളി എന്ന സ്വാതന്ത്ര്യസമര സേനാനിയായും ദേവീ ബഹൻ എന്ന സന്യാസിനിയായും രൂപാന്തരപ്പെടുന്നതാണ് നോവലിന്റെ പ്രമേയം. സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിൽ, ക്വിറ്റിന്ത്യാസമരം പ്രഖ്യാപിച്ച കാലത്തെ വികാര നിർഭരമായ അനുഭവത്തിലൂടെ ദേവീബഹനിലേക്കെത്തുന്ന ഓർമകളാണ് പാഠം. സ്വാതന്ത്ര്യത്തിനുള്ള അടങ്ങാത്ത മോഹവും ഇച്ഛാശക്തിയും മാത്രം കൈമുതലായ നിരായുധരായ ജനങ്ങളും തോക്കും ലാത്തിയും

**മഹാത്മാവിന്റെ സന്നിധിയിൽ**

ഞാൻ മഹാത്മാഗാന്ധിയെ കണ്ടിട്ടുണ്ട്. പ്രസംഗം കേട്ടിട്ടുണ്ട്. എന്നിട്ട് അദ്ദേഹത്തിന്റെ പുറകെ കടപ്പാക്കടപ്പോയി. ഹരിജനകേന്ദ്രത്തിൽ പോയി തിരിച്ച് എ.ഡി.കോട്ടൺ മില്ലിൽ വന്ന് തളർന്നലഞ്ഞ മഹാത്മാവിന്റെ സന്നിധിയിൽ ഏതാണ്ട് ആക്രമണപരമായിത്തന്നെ ഉപഹാരം സമർപ്പിച്ച് പാദത്തിൽ തൊട്ട് നമസ്കരിച്ചിട്ടുണ്ട്. പിന്നെ, 'മതി, മതി ഞാൻ ഈശ്വരനല്ല കുട്ടീ, എനിക്ക് ഭക്ഷണം വേണം' എന്ന ശകാരരൂപത്തിലുള്ള അനുഗ്രഹവചസ്സുകേട്ട് ചരിതാർഥയായി മടങ്ങിയിട്ടുണ്ട്.

(ആത്മകഥയ്ക്ക് ഒരാമുഖം - ലളിതാംബിക അന്തർജനം)

കണ്ണീർവാതകവുമായി നരവേട്ടക്കിറങ്ങിയ പട്ടാളക്കാരും തമ്മിലുള്ള സംഘട്ടനം നടന്നുകൊണ്ടിരിക്കെ ഉയർന്ന ഫ്ളാറ്റിലിരുന്ന് അത് നേരിട്ടു കണ്ട തങ്കം നായരിലൂടെയാണ് സമരത്തിന്റെ ഒരു തീക്ഷ്ണമുഹൂർത്തം ആവിഷ്കരിക്കുന്നത്. ഫ്ളാറ്റിനു മുന്നിലുള്ള മണിമാളികയ്ക്കു മുന്നിൽ ക്വിറ്റ് ഇന്ത്യാ സമരഭടന്മാരുടെ ത്രിവർണ്ണപതാകയേന്തിയുള്ള പ്രകടനം വരുന്നു. കുട്ടികളുടെ വിപ്ലവ സംഘമായ വീരവാനര സേനയും സ്ത്രീകളുടെ സംഘടനയായ നാരീസേവാസമിതിയും യുവാക്കളുടെ രക്തസാക്ഷി സംഘവും ചേർന്നുള്ള വലിയ ജനാവലിയെ പട്ടാളം തടഞ്ഞു നിർത്തുന്ന ശബ്ദമുഖരിതമായ അന്തരീക്ഷത്തിനിടയിൽ ഒരു ബാലൻ മണിമാളികയുടെ മുകളിലേക്ക് ത്രിവർണപതാകയുമായി കയറി. രാജ്യത്തിന്റെ അഭിമാനം അവിടെ ഉയർത്താൻ അവനു സാധിക്കുന്നുവെങ്കിലും പട്ടാളക്കാരുടെ വെടിയുണ്ടകൾ അവനെ വീഴ്ത്തി. രക്തകണങ്ങളുതിർത്തുകൊണ്ട് ഒരു വെള്ളപ്പറവപോലെ ആ വീരകുമാരൻ താഴെ വന്നു വീണപ്പോൾ സേവാസമിതിയിലെ ഒരു യുവതി വന്ന് അവനെയെടുത്തു മാറോടണച്ചു. പട്ടാളവുമായി ഏറെ നേരം ഏറ്റുമുട്ടിയ അവർ അവശയായിരുന്നെങ്കിലും കണ്ണുകളിൽ സ്വാതന്ത്ര്യത്തിന്റെ ജ്വാലകളുണ്ടായിരുന്നു. കണ്ണുകൾ, നോട്ടം തങ്കം നായരെ തേതിയേടത്തിയിലേക്കും ദേവകി മാനമ്പള്ളിയിലേക്കും പിന്നെ ദേവീ ബഹനിലേക്കും കൊണ്ടുപോകുന്നു. ആൾക്കൂട്ടം ദേശസ്വാതന്ത്ര്യത്തിനു വേണ്ടി പോരിനിറങ്ങുമ്പോൾ ഹീനയും ദുർബലയുമായ തനിക്ക് ഒന്നും ചെയ്യാനാകാത്തത്, താനും ഇന്ത്യാക്കാരിയാണെന്നു പറയാൻ കഴിയാത്തത് എന്തു കൊണ്ടാണെന്ന ചിന്തയും അവരെ വേട്ടയാടുന്നുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷമുള്ള ദേവീബഹന്റെ സാമൂഹ്യ-ആത്മീയ പ്രവർത്തനങ്ങളും തങ്കത്തിന്റെ ഓർമകളിലുണ്ട്. ദേവകി മാനമ്പള്ളിക്ക് തങ്കം നായരിൽ നിന്നു മോചനമില്ലെന്നും ഒരു കാലഘട്ടത്തിന്റെ തന്നെ രണ്ടു മുഖങ്ങളാണ് തങ്ങളെന്നും പുതിയ തലമുറക്ക് രണ്ട് അമ്മമാരുണ്ടെന്നും അവർക്കു തോന്നുന്നു, സാമൂഹ്യമാറ്റത്തിനായി നിസ്വാർഥസേവനമനുഷ്ഠിക്കുന്ന ത്യാഗിയും ഒന്നിലും ഇടപെടാതെ വ്യക്തി ജീവിതത്തിൽ ഒതുങ്ങി കൂടുന്നവളും.

### ഉപന്യാസ രചന

- 'അഗ്നിസാക്ഷി' എന്ന കൃതിയിൽ പ്രധാനമായും നടക്കുന്ന സംഘർഷം വ്യക്തി മനസ്സും സമൂഹമനസ്സും തമ്മിലുള്ളതാണ്. ഒരേ കഥാപാത്രത്തിന്റെ വ്യത്യസ്ത നിലപാടുകൾക്കു പിന്നിലെ യുക്തി ചർച്ചചെയ്യേണ്ട വിഷയമാണ്. മിസിസ് തങ്കം നായരുടെ ഓർമകളിൽ അവതരിപ്പിക്കുന്ന സമരവും അവരുടെ നിലപാടും പരിശോധിക്കാം.

  - ചരിത്രം ഇളകിമറിയുമ്പോൾ ഒന്നിലും ഇടപെടാതെ അവനവനിലേക്ക് ഒതുങ്ങുന്നവരുടെ പ്രതിനിധിയാണ് തങ്കം നായർ.
  - സാമൂഹ്യജീവിതത്തിന്റെ ദൃക്സാക്ഷിത്വവും വ്യക്തി ജീവിതത്തിലേക്കുള്ള ഒളിച്ചോട്ടവും
  - ദേവീ ബഹൻ എന്ന മാതൃക

നിരീക്ഷണങ്ങൾക്കുശേഷം ഉപന്യാസം തയാറാക്കുവാൻ ആവശ്യപ്പെടാം.

### വിശകലനം

- ക്ലോക്ക് ടവറിൽ മൂവർണ പതാക കെട്ടുന്ന ബാലൻ പടക്കളത്തിലെ അഭിമന്യുവാണെന്ന വർണനയും വെടിയേറ്റു വീണ ബാലനെ മാറോടണച്ച് അഭിമാനത്തോടെ ചിരിക്കുകയും വേർപാടിൽ കരയുകയും ചെയ്യുന്ന ദേവീബഹനെ ഭാരതമാതാവായി ചിത്രീകരിച്ചിരിക്കുന്നതിലുള്ള സാദൃശ്യകൽപനയും കഥാസന്ദർഭത്തിനു നൽകുന്ന ഗാംഭീര്യം ചർച്ച ചെയ്യുന്നു.
  - മഹാഭാരതത്തിലെ അഭിമന്യുവിന്റെ കഥ
  - പത്മവ്യൂഹം ഭേദിച്ച അഭിമന്യുവെപ്പോലെ ഒറ്റയ്ക്കു കൊടിമരത്തിൽ കയറുന്ന കുട്ടി
  - അവനെയോർത്തുള്ള യുവതിയുടെ അഭിമാനവും സങ്കടവും
  - സ്വാതന്ത്ര്യസമരത്തിൽ വീരമൃത്യു വരിക്കുന്ന മക്കളെയോർത്ത് അഭിമാനം കൊള്ളുന്ന, സങ്കടപ്പെടുന്ന ഭാരതാംബ.

ഇത്തരത്തിലുള്ള ആഖ്യാനങ്ങൾ കണ്ടെത്തുവാൻ പഠിതാക്കൾക്ക് അവസരം നൽകാം. സാദൃശ്യവർണ്ണനകൾ കഥാസന്ദർഭത്തിനു കൈവരുത്തുന്ന മിഴിവിനെക്കുറിച്ച് വിശകലനക്കുറിപ്പ് ആവശ്യപ്പെടാം.

### സെമിനാർ

- എല്ലാക്കാലത്തും സമൂഹത്തെ മാറ്റാൻ ത്യാഗപൂർണമായി ഇറങ്ങിത്തിരിച്ചവരും അവനവനിലേക്ക് ഒതുങ്ങുന്നവരുമുണ്ട്. ദേവീബഹനും തങ്കം നായരും ഒരേ കാലത്തിന്റെ രണ്ടു മുഖങ്ങളാണ്. ജീവിതത്തിന്റെ രണ്ടു മാർഗ്ഗങ്ങളാണ് ഇവർ. പഠിതാക്കളോട് ഇതിൽ ഏതു മാർഗം സ്വീകരിക്കുമെന്ന് ചോദിക്കാം.

- രാജ്യസ്നേഹവും സാമൂഹ്യനീതിയും
- അനുഭവങ്ങളോടുള്ള മാനുഷികമായ സമീപനം
- സ്വാർഥതാൽപര്യങ്ങൾക്കായി വ്യക്തിതാൽപര്യങ്ങളെ ബലികഴിക്കുക
- ചുറ്റിലും നടക്കുന്ന പ്രശ്നങ്ങളെ അവഗണിക്കുക

ചർച്ചകൾക്കുശേഷം സാമൂഹ്യമാറ്റത്തിൽ യുവാക്കളുടെ പങ്ക് എന്ന വിഷയം മുൻനിർത്തി സെമിനാർ സംഘടിപ്പിക്കാം.

## വിലയിരുത്തൽ സൂചകങ്ങൾ

### ഭാഷാവിശകലനം

- ഭാവപ്രകടനശേഷി

- എത്ര എന്തൊക്കെ എന്നീ പ്രയോഗങ്ങളുൾച്ചേരുന്നുണ്ടെങ്കിലും അവ ശരിക്കും ചോദ്യവാക്യങ്ങളാണെന്നു കരുതാമോ?

ചോദിക്കുന്നയാൾ മറ്റൊരാളിൽ നിന്ന് ഉത്തരം പ്രതീക്ഷിക്കുന്ന പ്രതീതി ഈ വാക്യങ്ങൾ സൃഷ്ടിക്കുന്നില്ല. ഞാൻ എത്രനേരമായി കാത്തിരിക്കുന്നു എന്ന ഉദാഹരണമെടുക്കാം. അവിടെ ആരാണ് എന്തുത്തരമാണ് പറയേണ്ടത്? ഉത്തരങ്ങൾ പ്രതീക്ഷിക്കുന്നില്ലല്ലോ.

കാത്തിരിക്കുന്ന ആളുടെ വിരസതയും അസ്വസ്ഥതയുമാണ് ആ വാക്യങ്ങൾ അനുഭവപ്പെടുത്തുന്നത്.

രണ്ടാം വാക്യം ജനിപ്പിക്കുന്ന പ്രതീ

തിയോ വിശദീകരിക്കാനാവാത്തത്ര വേദനകൾ അവളനുഭവിച്ചിട്ടുണ്ടെന്നും പറയുന്നയാൾക്ക് അവളോട് അനുഭാവമുണ്ടെന്നും ആ വാക്യം നമ്മെ ബോധിപ്പിക്കുന്നു.

മൂന്നും നാലും വാക്യങ്ങൾ അർഥപരമായിത്തന്നെ ചോദ്യവാക്യങ്ങളാണ്. അവ ഉത്തരം പ്രതീക്ഷിക്കുന്നുണ്ട്.

ഒരേ ഘടനയുള്ള, പ്രത്യക്ഷത്തിൽ ഒരേ സ്വഭാവം പ്രദർശിപ്പിക്കുന്ന വാക്യങ്ങൾ പല അർഥവിതാനങ്ങളിലേക്കാണ് കടന്നുപോകുന്നത്.

പാഠപുസ്തകത്തിൽ ചേർത്ത നാലുവാക്യങ്ങളും വായിച്ച് അവ തമ്മിലുള്ള പ്രകടമായ സാദൃശ്യമെന്തെന്ന് കുട്ടികൾ കണ്ടെത്തട്ടെ. വാക്യസ്വരൂപത്തിലുള്ള പൊരുത്തമാണാരായേണ്ടത്.

എന്തൊക്കെ എത്ര നേരം എന്നീ പ്രയോഗങ്ങളുടെ ആവർത്തനം കുട്ടികൾ കണ്ടെത്തുന്നു.

എന്ത്, എത്ര എന്നീ പ്രയോഗങ്ങൾ ചോദ്യാർഥ സൂചകങ്ങളാണല്ലോ?

എങ്കിൽ ഇത്തരത്തിലുള്ള മറ്റെന്തൊക്കെ പ്രയോഗങ്ങൾ കണ്ടെത്താം.

- എങ്ങനെ
- എവിടെ

നാലു വാക്യങ്ങളിലും ചോദ്യാർഥ സൂചകങ്ങളായ ശബ്ദങ്ങളുണ്ടെന്ന് കുട്ടികൾ തിരിച്ചറിയുന്നു.

മൂന്നാമത്തേയും നാലാമത്തേയും വാക്യങ്ങൾ ചോദ്യ ചിഹ്നത്തിലവസാനിക്കുന്നു. ആദ്യത്തെ രണ്ടു വാക്യങ്ങളിലുമതില്ല. എന്തായിരിക്കാം കാരണം. കുട്ടികൾ അഭിപ്രായം രേഖപ്പെടുത്തട്ടെ.

അവസാന വാക്യങ്ങൾ അർഥപരമായിത്തന്നെ ചോദ്യവാക്യങ്ങളാണ്.

ആദ്യവാക്യങ്ങളോ?

സദൃശങ്ങളായ പ്രയോഗരൂപങ്ങൾ മറ്റു ഭാഷകളിലുണ്ടോ? കുട്ടികൾ കണ്ടെത്തട്ടെ.

ഉദാഹരണം: ഇംഗ്ലീഷ് ഭാഷയിൽ

What a pity?

How dare you are?

ഭാഷ സൂക്ഷ്മ വിശകലനമാവശ്യപ്പെടുന്ന ഒരു ഘടനയാണെന്നും അവയിൽ ഇത്തരം പല കൗതുകങ്ങളുമുണ്ടെന്നും വിദ്യാർഥികൾ തിരിച്ചറിയട്ടെ.

## യൂണിറ്റ് - 3

## യൂണിറ്റ് ഫ്രെയിം
## ഉള്ളറിവ്

| ആശയം/ധാരണ/നൈപുണി | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • ധ്വന്യാത്മകമാവുമ്പോഴാണ് കവിത കൂടുതൽ ആസ്വാദ്യകരമാവുന്നത്. | • കാവ്യഭാഗങ്ങൾ വിശകലനം ചെയ്യുകയും പ്രയോഗങ്ങളിലെ ധ്വനിതലങ്ങൾ കണ്ടെത്തുകയും ചെയ്യുന്നു. | • കവിതയിലെ പദങ്ങളുടെയും പ്രയോഗങ്ങളുടെയും ധ്വനിതലം കണ്ടെത്തി വിശദീകരിക്കുന്നു. |
| • കവിതയുടെ സൂക്ഷ്മ സൗന്ദര്യങ്ങളെ തിരിച്ചറിയാൻ സാഹിത്യസിദ്ധാന്തങ്ങൾ സഹായകമാവും. | • സാഹിത്യരൂപണങ്ങളും സൗന്ദര്യശാസ്ത്രസിദ്ധാന്തങ്ങളും പരിചയപ്പെടുകയും സർഗ്ഗാത്മക കൃതികളുമായി ചേർത്തുവെച്ച് പരിശോധിക്കുകയും ചെയ്യുന്നു. | • സാഹിത്യസിദ്ധാന്തങ്ങളുടെ പിൻബലത്തിൽ കവിതയെ വ്യാഖ്യാനിക്കുന്നു. |
| • ഭിന്നകാലങ്ങളിൽ പദങ്ങൾക്കും കാവ്യസന്ദർഭങ്ങൾക്കും സംജാതമാവുന്നത് വ്യത്യസ്തമായ അർത്ഥതലങ്ങളായിരിക്കും. | • കവിതകൾ പരിശോധിച്ച് പദങ്ങൾക്കും പ്രയോഗങ്ങൾക്കും വ്യത്യസ്തകാലങ്ങളിൽ, ദേശങ്ങളിൽ സംഭവിക്കുന്ന അർത്ഥമാറ്റങ്ങളെക്കുറിച്ചു ചർച്ച ചെയ്യുന്നു. | • കവിതയിലെ പദങ്ങളെയും പ്രയോഗങ്ങളെയും കാലത്തോടും ചരിത്രത്തോടും ചേർത്തു നിർത്തി സൂക്ഷ്മമായി വ്യാഖ്യാനിക്കുന്നു. |
| • പ്രസാദാത്മകമായ ജീവിതദർശനം വൈലോപ്പിള്ളിക്കവിതയുടെ ഒരു സവിശേഷതയാണ്. | • കവിതയിൽ തെളിയുന്ന ഗാർഹസ്ഥ്യജീവിതത്തിന്റെ സ്വാസ്ഥ്യം തിരിച്ചറിയുന്നു. വൈലോപ്പിള്ളിയുടെ ഇതരകവിതകളുമായി താരതമ്യം ചെയ്ത് ഊഞ്ഞാലിൽ എന്ന കവിതയുടെ സവിശേഷതകൾ കണ്ടെത്തുകയും താരതമ്യക്കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു. | • കവിതകളെ താരതമ്യം ചെയ്തുകൊണ്ട് സാമ്യവ്യത്യാസങ്ങൾ തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു. |

| ആശയം/ധാരണ/നൈപുണി | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • ചില ജീവിതദർശനങ്ങൾ മുന്നോട്ടുവെക്കുമ്പോഴാണ് കവിതകൾ കൂടുതൽ ആഴമുള്ളതാകുന്നത്. | • ജീവിതദർശനങ്ങൾ അവതരിപ്പിക്കുന്ന വരികൾ കണ്ടെത്തി വിശകലനം ചെയ്യുന്നു. കവിതകൾ വായിച്ച് ആസ്വാദനക്കുറിപ്പുകൾ തയാറാക്കുന്നു. ധ്വനി, ഔചിത്യം മുതലായവ ചർച്ച ചെയ്യുന്നു. | • കവിതകൾ വായിച്ച് കവിയുടെ ജീവിതദർശനം തിരിച്ചറിയുകയും ഉചിതമായ രൂപത്തിൽ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു. |
| • കവിതയായാത്തീരാൻ വെമ്പുന്ന കഥകളും കഥകളായിത്തീരാൻ വെമ്പുന്ന കവിതകളും ഭാഷയിലുണ്ട്. | • കഥ വായിച്ച് അതിലെ കാവ്യാത്മക സ്വഭാവമുള്ള വരികൾ കണ്ടെത്തി ചർച്ച ചെയ്യുന്നു. കഥയുടെയും കവിതയുടെയും അതിരുകൾ എങ്ങിനെയാണ് അനർഘനിമിഷത്തിൽ മാഞ്ഞില്ലാതാവുന്നത് എന്നത് ചർച്ച ചെയ്ത് നിരൂപണം തയാറാക്കുന്നു. | • കാവ്യഭാഷയുടെ സവിശേഷതകൾ കഥയിലേക്കുകൂടി കടന്നുവരുന്നത് തിരിച്ചറിയുകയും വിശദീകരിക്കുകയും ചെയ്യുന്നു. |
| • ദാർശനികമായ ഉൾക്കാഴ്ചകളാണ് അനർഘനിമിഷം എന്ന കഥയെ ശ്രദ്ധേയമാക്കുന്നത്. | • കഥയിലെ ദാർശനികമാനങ്ങൾ തിരിച്ചറിഞ്ഞ് അവതരിപ്പിക്കുന്നു. | • കഥകളിൽ നിന്ന് അവയുടെ ദാർശനികസ്വഭാവം കണ്ടെത്തുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. |
| • സാഹിത്യരചനകൾക്ക് ചില ആശയങ്ങളിൽ സമാനതകൾ ഉണ്ടാവാറുണ്ട്. | • ഇരു രചനകളിലെയും സമാനതകൾ കണ്ടെത്തി വിശകലനം ചെയ്ത് താരതമ്യക്കുറിപ്പ് ഉണ്ടാക്കുന്നു. | • ചില ആശയങ്ങളുടെ അടിസ്ഥാനത്തിൽ രചനകളെ താരതമ്യം ചെയ്യാനും നിഗമനങ്ങൾ പൊതുവായി അവതരിപ്പിക്കാനും കഴിയുന്നു. |

| ആശയം/ധാരണ/നൈപുണി | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനോട്ടങ്ങൾ |
| --- | --- | --- |
| • സാമൂഹികവും ചരിത്രപരവുമായ പ്രമേയങ്ങൾ സാഹിത്യത്തിനു വിഷയമായിത്തീരാറുണ്ട്. | • അഗ്നിസാക്ഷി എന്ന നോവലിലെ ചരിത്രപരമായ ഘടകങ്ങൾ കണ്ടെത്തി ചർച്ച ചെയ്യുന്നു. അഗ്നിസാക്ഷിയിലെ മുഖ്യകഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ കണ്ടെത്തി കഥാപാത്ര നിരൂപണം തയാറാക്കുന്നു. | • കഥകളിലെ ചരിത്രപരമായ അംശവും എഴുത്തുകാരന്റെ സാമൂഹികവീക്ഷണവും തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കുന്നു. |
| • സാഹിത്യകൃതികളുടെ ആന്തരിക അർത്ഥതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുമ്പോൾ വായന ഒരു സർഗാത്മക അനുഭവമായി മാറുന്നത്. | • വ്യത്യസ്ഥകാലഘട്ടങ്ങളിലെ കൃതികൾ അവയുടെ ആന്തരിക അർത്ഥതലങ്ങളിലേക്കു ചെന്നെത്തും വിധത്തിൽ ആസ്വദിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നു. | • കൃതികൾ വായിച്ച് അവയുടെ ആന്തരിക അർത്ഥതലങ്ങൾ തിരിച്ചറിയുകയും അവ പൊതുവായി അവതരിപ്പിക്കുകയും ചെയ്യുന്നു. |